2023
JULY
24
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

# സംസ്ഥാനത്ത് കനത്തമഴ

## 3 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തിങ്കളാഴ്ച അവധി



**കണ്ണൂർ:** ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മൂന്നു ജില്ലകളിലെ പ്രഫഷനൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തിങ്കളാഴ്ച അവധി.

ജില്ലയിൽ കാലവർഷം അതി തീവ്രമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ പ്രഫഷനൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും (അങ്കണവാടി, സിബിഎസിഇ/ഐസിഎസ്ഇ സ്കൂളുകൾ, മദ്രസകൾ എന്നിവയടക്കം) തിങ്കളാഴ്ച അവധി പ്രഖ്യാപിച്ചതായി ജില്ല കലക്ടർ അറിയിച്ചു.

കണ്ണൂർ സർവകലാശാല തിങ്കളാഴ്ച നടത്താൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല. അതേസമയം, കണ്ണൂർ സർവകലാശാല തിങ്കളാഴ്ച നടത്താനിരുന്ന ഡിപ്പാർട്ട്മെന്റ് യുജി, പിജി, അഫിലിയേറ്റഡ് കോളജുകളിലെ യുജി എന്നിവയിലേക്കുള്ള അഡ്മിഷൻ ചൊവ്വാഴ്ചത്തേക്ക് മാറ്റി.

അവധി മൂലം നഷ്ടപ്പെട്ടന്ന പഠന സമയം ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന മേധാവികൾ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിച്ചു. വിദ്യാർഥികളെ മഴക്കെടുതിയിൽ നിന്ന് അകറ്റി നിർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നും കലക്ടർ അറിയിച്ചു. തിങ്കളാഴ്ച നടത്താനിരുന്ന പിഎസ്സി പരീക്ഷകൾക്ക് മാറ്റമില്ല.

കനത്ത മഴയെ തുടർന്ന് കോഴിക്കോട് ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കലക്ടർ എ.ഗീത തിങ്കളാഴ്ച അവധി പ്രഖ്യാപിച്ചു. നാളെ ജില്ലയിൽ ഓറഞ്ച് അലർട് പ്രഖ്യാപിച്ചിട്ടുണ്ട്. അങ്കണവാടികൾക്കും അവധിയാണ്. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കു മാറ്റമില്ല

ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ തിങ്കളാഴ്ച വയനാട് ജില്ലയിലെ പ്രഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്റ്റർ ഡോ.രേണു രാജ് അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും പിഎസ്സി പരീക്ഷകൾക്കും അവധി ബാധകമല്ല.

# ഗ്യാൻവാപി പള്ളിയിൽ ശാസ്ത്രീയ പരിശോധന തുടങ്ങി

**ലക്നൗ:** ഗ്യാൻവാപി പള്ളി നിലനിൽക്കുന്ന സ്ഥലത്ത് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ശാസ്ത്രീയ പരിശോധന ആരംഭിച്ചു. ഇന്നു രാവിലെ ഏഴുമണിക്കാണു പരിശോധന ആരംഭിച്ചത്. പള്ളിയിൽ അംഗശുദ്ധി വരുത്തുന്ന സ്ഥലം (ശിവലിംഗം കണ്ടതായി ഹിന്ദു വിഭാഗം വാദിച്ച സ്ഥലം) ഒഴിവാക്കിയായിരിക്കും പരിശോധന നടത്തുന്നത്. ഓഗസ്റ്റ് നാലിന് ശാസ്ത്രീയ പരിശോധനയുടെ റിപ്പോർട്ട് വാരണാസി ജില്ലാ കോടതിക്ക് കൈമാറും. കഴിഞ്ഞവർഷം മേയിൽ, കോടതി ഉത്തരവിനെത്തുടർന്നുള്ള വിഡിയോ സർവേയിലാണു ഈ ഭാഗത്തു ശിവലിംഗം കണ്ടതായി ഹിന്ദു വിഭാഗം പറഞ്ഞത്.

ഹിന്ദു ക്ഷേത്രം നിലനിന്ന സ്ഥലത്താണു പള്ളി നിർമിച്ചതെന്നു ചൂണ്ടിക്കാട്ടി, സമ്പൂർണ സർവേ വേണമെന്ന ഹർജിക്കാരുടെ ആവശ്യം പരിഗണിച്ചാണു സ്ഥലത്ത് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ശാസ്ത്രീയ പരിശോധനയ്ക്കു വാരാണസി ജില്ലാക്കോടതി അനുമതി നൽകിയത്. കേടുപാടുണ്ടാകുമെന്നതിനാൽ സർവേ ഒഴിവാക്കണമെന്ന മുസ്!ലിം വിഭാഗത്തിന്റെ ആവശ്യം അവഗണിച്ചാണ് കോടതി സർവേയ്ക്ക് അനുമതി നൽകിയത്. ശരിയായ വസ്തുതകൾ പുറത്തുവരാൻ ശാസ്ത്രീയ പരിശോധന ആവശ്യമാണെന്നായിരുന്നു ഉത്തരവ് പുറപ്പെടുവിക്കവേ കോടതി പറഞ്ഞത്.

കഴിഞ്ഞവർഷം മേയിൽ നടത്തിയ വിഡിയോ സർവേയിൽ പള്ളി പരിസരത്തു ശിവലിംഗം കണ്ടതായി ഹിന്ദു വിഭാഗം ചൂണ്ടിക്കാട്ടിയിരുന്നു. ഇതു ശിവലിംഗമല്ലെന്നും ജലധാരയുടെ ഭാഗമാണെന്നുമാണു മുസ്‌ലിം വിഭാഗം വാദിച്ചത്. ഇതിന്റെ കാലപ്പഴക്കം തീരുമാനിക്കാനുള്ള കാർബൺ ഡേറ്റിങ് നടത്തുന്ന വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഇതുൾപ്പെടുന്ന ഭാഗം (പള്ളിയിൽ അംഗശുദ്ധി വരുത്തുന്ന സ്ഥലം) ഒഴിവാക്കി സർവേ നടത്താനാണു വാരാണസി കോടതി ഉത്തരവിട്ടത്.

hatio
A BillDesk Company

# പേഔട്ട് ഗേറ്റ്‌വേയുമായി ഹാഷ്യോ ഇന്നവേഷൻസ്

**കൊച്ചി:** ഉപയോക്താക്കളിൽ നിന്നുള്ള പണം വിൽപനക്കാരന് എത്തിക്കുന്നതിന് പേയ്മെന്റ് ഗേറ്റ്‌വേകൾ അനേകമുണ്ട്, പക്ഷേ, ബിസിനസ് സ്ഥാപനങ്ങളിൽ നിന്ന് അനേകർക്കായി നൽകേണ്ട പണം എത്തിക്കുന്നതിന് പേഔട്ട്ഗേറ്റ്‌വേയുമായി ശ്രദ്ധ നേടുകയാണ് കൊച്ചിയിൽ നിന്നുള്ള കമ്പനി. ഹാഷ്യോ ഇന്നവേഷൻസാണ് ഫിൻടെക് രംഗത്തെ ഈ നൂതന സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോം ഒരുക്കുന്നത്.

ബിസിനസ് സംരംഭങ്ങൾക്കും കമ്പനികൾക്കും അവരുടെ സപ്ലൈയർമാർ, ബിസിനസ് പങ്കാളികൾ, ജീവനക്കാർ എന്നിങ്ങനെ നൂറു കണക്കിനാളുകൾക്ക് പ്രതിഫലം നൽകേണ്ടതുണ്ട്.

ചെക്ക് നൽകുക, ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം മാറ്റുക എന്നിവയെല്ലാം സമയവും ജീവനക്കാരും വേണ്ട രീതികളാണ്. പകരം ഹാഷ്യോ പേഔട്ട് ഗേറ്റ്‌വേ ഓട്ടമാറ്റിക്കായി പണം ട്രാൻസ്ഫർ ചെയ്യുന്നു. കൈമാറ്റം പ്രോഗ്രാം ചെയ്യാൻ കഴിയും. ബാങ്ക് അവധിയും മറ്റും തടസ്സം സൃഷ്ടിക്കാതെ കൃത്യമായി പണം എത്തേണ്ടിടത്ത് എത്തും.


ആർക്കൊക്കെ പണം കൈമാറി എന്നതു സംബന്ധിച്ചു കൃത്യമായ റിപ്പോർട്ടും ലഭിക്കും. സ്ഥിരം ഉപയോക്താക്കൾക്ക് ലോയൽറ്റി പദ്ധതി നടത്തുക, കാഷ് ബാക്ക് നൽകുക, കൂപ്പൺ പാക്കേജുകൾ നടത്തുക തുടങ്ങിയവയെല്ലാം ഇതേ സംവിധാനത്തിലൂടെ നടത്താൻ കഴിയും. ഓൺലൈൻ, ഓഫ്‌ലൈൻ സംരംഭകർക്ക് ഒരു പോലെ പ്രയോജനപ്പെടുത്താം.

സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് കൊച്ചി ഇൻഫൊപാർക്കിലെ ഹാഷ്യോ ഓഫിസിൽ നിന്നാണ്. പണം കൈമാറുന്ന സംവിധാനമായതിനാൽ പാലിക്കേണ്ട റിസർവ് ബാങ്ക് നിബന്ധനകൾ അനേകമുണ്ട്. ആ ഘട്ടങ്ങളെല്ലാം തരണം ചെയ്ത് പേഔട്ട് സംവിധാനം നിലവിൽ വന്നുകഴിഞ്ഞു. ഇന്ത്യൻ കമ്പനികളുടേതായി ഇത്തരം പേഔട്ട് പ്ലാറ്റ്ഫോം അപൂർവമാണെന്ന് ഹാഷ്യോ മാർക്കറ്റിങ് ഡയറക്ടർ തരുൺ ജയിംസ് ജിമാനി ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ ഓൺലൈൻ പേയ്മെന്റ് രംഗത്തെ പ്രമുഖ സ്ഥാപനമായ ബിൽഡെസ്കിന്റെ ഉപകമ്പനിയാണ് ഹാഷ്യോ ഇന്നവേഷൻസ്.

# സെൽറ്റോസ് വില 10.90 ലക്ഷം മുതൽ

**ന്യൂഡൽഹി:** കിയ ഇന്ത്യ പുതുക്കിയ സെൽറ്റോസിന്റെ വില പ്രഖ്യാപിച്ചു. 10.90 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെ ഷോറൂം വിലയിൽ 18 വേരിയന്റുകളുണ്ട്. ഡീസൽ, പെട്രോൾ, ടർബോ പെട്രോൾ എൻജിൻ ഓപ്ഷനുകളുണ്ട്.

# മെറ്റയും കരിഷ്മയും ഒരുമിക്കുന്നു



സൈബർ ഇടത്തിലെ കുട്ടികളുടെ സുരക്ഷയ്ക്കായുള്ള പദ്ധതികൾക്കായി മെറ്റയും ബോളിവുഡ് നടി കരിഷ്മ കപൂറും ഒരുമിക്കുന്നു. കഴിഞ്ഞ 3 വർഷത്തിൽ മെറ്റ കുട്ടികളുടെയും യുവാക്കളുടെയും സുരക്ഷയ്ക്കായുള്ള 30 സേഫ്റ്റി ടൂളുകളാണു തയാറാക്കിയത്. ഫെയ്സ്ബുക്കിലും ഇൻസ്റ്റഗ്രാമിലും ചെലവഴിക്കുന്ന സമയം നിയന്ത്രിക്കുന്ന സംവിധാനവും ഇതിലുൾപ്പെടുന്നു. മെറ്റ അവതരിപ്പിക്കുന്ന സുരക്ഷാ സംവിധാനങ്ങൾ കരിഷ്മയിലൂടെ ഇന്ത്യ മുഴുവനെത്തുമെന്ന് ഇന്ത്യയിലെ ഇൻസ്റ്റഗ്രാം പബ്ലിക് പോളിസി മേധാവി നടാഷ ജോഗ് പറഞ്ഞു.





# കൊച്ചി മെട്രോയിൽ വിദ്യാർത്ഥികൾക്ക് പുതിയ ട്രാവൽ കാർഡ് വിദ്യ45 ട്രാവൽ പാസ് പുറത്തിറക്കി

**വിദ്യാർത്ഥികൾക്ക് ഇനി കുറഞ്ഞ നിരക്കിൽ യാത്ര ചെയ്യാം**

**കൊച്ചി:** സ്കൂളിലേക്കുള്ള യാത്രകളിൽ കൊച്ചി മെട്രോയെ ആശ്രയിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഈ അധ്യയനവർഷം വലിയ വർധനവാണ് ഉണ്ടായിരിക്കുന്നത്. കുറഞ്ഞ നിരക്കിൽ വിദ്യാർത്ഥികളുടെ സ്കൂൾ/കോളേജ് യാത്രകൾ സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചി മെട്രോ പുതിയ ട്രാവൽ പാസ് ആയ വിദ്യ45 പുറത്തിറക്കിയത്. അഭിനേത്രിയും നിർമ്മാതാവുമായ സാന്ദ്രാ തോമസിന്റെ കുട്ടികളായ കെയ്റ്റ്ലിനും കെൻഡലുമാണ് സ്കൂൾ വിദ്യാർത്ഥികൾക്ക് പാസ് സമ്മാനിച്ച് വിദ്യ45ന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്.

വിദ്യ45 കാർഡ് ഉപയോഗിച്ച് ഒരു വിദ്യാർത്ഥിക്ക് 45 ദിവസത്തിനകം 50 തവണ ഏത് മെട്രോ സ്റ്റേഷനിൽ നിന്നും എത്ര ദൂരവും യാത്ര ചെയ്യാം. 495 രൂപയാണ് പാസ്സിന്റെ നിരക്ക്. വിദ്യ45 ട്രാവൽ പാസ് ഉപയോഗിക്കുന്ന വിദ്യാർത്ഥിക്ക് ഒരു തവണ മെട്രോയിൽ എത്ര ദൂരവും യാത്ര ചെയ്യാൻ വെറും 10 രൂപയിൽ താഴെ മാത്രം മതി എന്നത് ശ്രദ്ധേയമാണ്.വാലിഡിറ്റി തീരുന്നതനുസരിച്ച് കാർഡ് മെട്രോ സ്റ്റേഷനിൽ നിന്ന് റീചാർജ് ചെയ്ത് ഉപയോഗിക്കാം. സ്കൂൾ/കോളേജിൽ നിന്നുള്ള തിരിച്ചറിയൽ കാർഡിന്റെ കോപ്പിയുമായി വന്ന് എല്ലാ മെട്രോ സ്റ്റേഷനുകളിൽ നിന്നും ട്രാവൽ പാസ് വാങ്ങാനാകും. 25 വയസ്സിന് താഴെയുള്ള വിദ്യാർത്ഥികളെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത് .

വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകൾക്കും ജോലികൾക്കായുള്ള പ്രവേശന പരീക്ഷകൾക്കും കോച്ചിംഗ് നൽകുന്ന അംഗീകൃത സെന്ററുകളിലെ അധികൃതരിൽ നിന്ന് വിദ്യാർത്ഥിയുടെ ഫോട്ടോ പതിച്ച സത്യവാങ്മൂലം സമർപ്പിച്ചാലും പാസ് വാങ്ങുവാൻ സാധിക്കും. 25 വയസ്സിന് മുകളിൽ പ്രായമുള്ള വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ സത്യവാങ്മൂലം സമർപ്പിച്ച് പാസ് വാങ്ങാനാവുക. ഒരു ദിവസത്തെയും ഒരു മാസത്തെയും വാലിഡിറ്റി വീതമുള്ള അൺലിമിറ്റഡ് ട്രാവൽ പാസുകളായ 50 രൂപയുടെ വിദ്യ1 , 900 രൂപയുടെ വിദ്യ30 എന്നീ പാസുകൾക്ക് പുറമെയാണ് കൊച്ചി മെട്രോ പുതിയ പാസ് പുറത്തിറക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് +91 77363 21888 നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## 'ജീവനി പദ്ധതി' ഇനി എയ്ഡഡ് കോളേജുകളിലും: മന്ത്രി ആർ ബിന്ദു

**തിരുവനന്തപുരം:** ഈ അധ്യയന വർഷം മുതൽ ജീവനി പദ്ധതി കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലെ എല്ലാ എയ്ഡഡ് കോളേജുകളിലേക്കും വ്യാപിപ്പിക്കുകയാണെന്ന് ബിന്ദു പറഞ്ഞു.

പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ 24 തിങ്കളാഴ്ച രാവിലെ 11 മണിക്ക് ബിന്ദു തിരുവനന്തപുരം, ഓൾ സെയ്ന്റ്സ് കോളേജിൽ നിർവ്വഹിക്കും. മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും.

വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ലഘൂകരിച്ച് മെച്ചപ്പെട്ട കലാലയജീവിതവും ഉന്നതവിദ്യാഭ്യാസവും കൈവരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി 2019 മുതൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 75 സർക്കാർ കോളേജുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജീവനി.

എല്ലാ സർക്കാർ കോളേജിലും ഒരു സൈക്കോളജി വിദഗ്ദ്ധനെ വീതം നിയമിച്ച് ആവശ്യമായ കൗൺസിലിംഗും, മാർഗ്ഗനിർദ്ദേശങ്ങളും യഥാസമയം നൽകി വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ എയ്ഡഡ് കോളേജുകളെ പരസ്പരം ചേർത്ത് 3000 കുട്ടികൾക്ക് ഒരു കൗൺസിലർ എന്ന തോതിൽ നിയമിക്കുകയാണ്. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദമുള്ള ഉദ്യോഗാർത്ഥികളെ അഭിമുഖത്തിലൂടെ കണ്ടെത്തിയാണ് കൗൺസിലർ നിയമനം നൽകിയിട്ടുള്ളത്. ആകെ 114 കൗൺസിലർമാരെയാണ് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നിയമിക്കുന്നതെന്നും ബിന്ദു പറഞ്ഞു.



# വിദ്യാഭ്യാസ രംഗത്ത് മഹാരാജാസിന്റെ സംഭാവന മഹത്തരം: മന്ത്രി ആർ.ബിന്ദു

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ രംഗത്ത് മഹാരാജാസിന്റെ സംഭാവന മഹത്തരമെന്ന് മന്ത്രി ആർ.ബിന്ദു പറഞ്ഞു. കാലാനുസൃതമായ വികസനം മഹാരാജാസിൽ നടപ്പിലാക്കുമെന്നും ഭൗതിക വികസനത്തിനൊപ്പം അക്കാദമിക നിലവാരവും മെച്ചപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. എറണാകുളം മഹാരാജാസ് കോളജിലെ പുതിയ വനിത ഹോസ്റ്റൽ മന്ദിരത്തിന്റെയും കെമിസ്ട്രി സെമിനാർ ഹാളിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

എൻഐആർഎഫ് റാങ്കിങ്ങിൽ 46ാം സ്ഥാനവും നാക് അക്രഡിറ്റേഷനിൽ എ യും ലഭിച്ച ഈ കലാലയം ജീവിതത്തിലെ സമസ്ത മേഖലകളിലും ഒട്ടേറ പ്രതിഭകളെ സംഭാവന ചെയ്തിട്ടുണ്ട്. ആ പാരമ്പര്യത്തെ പുതിയ കാലത്തും നാം ഉയർത്തിപ്പിടിക്കണം. കാലാനുസൃതമായ വികസനം മഹാരാജാസിൽ സർക്കാർ നടപ്പിലാക്കും. മികച്ച പൂർവ വിദ്യാർത്ഥി സമ്പത്താണ് മഹാരാജാസിനുള്ളത്. ആ സമ്പത്തിനെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തണം. പൂർവ വിദ്യാർത്ഥികളുമായി സംവദിക്കാൻ പുതിയ കുട്ടികൾക്ക് അവസരമൊരുക്കണമെന്നും മന്ത്രി പറഞ്ഞു. മഹാരാജാസിന്റെ വികസനത്തിനായി എല്ലാവരും ഒരുമിച്ചു നിൽക്കണം. ദീർഘ വിക്ഷണത്തോടെയുള്ള പദ്ധതികളാകണം കോളജിൽ ഉണ്ടാകേണ്ടത്. അതിനായി സർക്കാർ ഒപ്പം ഉണ്ടാകും. ഇവിടത്തെ അക്കാദമിക് സമൂഹം ആത്മാർഥമായ ഇടപെടൽ നടത്തണമെന്നും മന്ത്രി പറഞ്ഞു.

പ്ലാൻ ഫണ്ട് ഉപയോഗിച്ച് 9 കോടി രൂപയോളം ചെലവഴിച്ച് മൂന്നു നിലകളിലായി 46 മുറികൾ ഉൾപ്പെടെ ആധുനിക സൗകര്യങ്ങളുള്ള ഹോസ്റ്റലാണ് ഉദ്ഘാടനം ചെയ്തത്. മഹാരാജാസ് കോളജ് ഗ്രൗണ്ടിനോട് ചേർന്ന് പി.ടി ഉഷ റോഡിലാണ് പുതിയ ഹോസ്റ്റൽ. കൂടാതെ കെമിസ്ട്രി സെമിനാർ ഹാളും ഉദ്ഘാടനം ചെയ്തു.

ഇംഗ്ലീഷ് മെയിൻ ഹാളിൽ നടന്ന ചടങ്ങിൽ ടി.ജെ വിനോദ് എംഎൽഎ അധ്യക്ഷത വഹിച്ചു. നിലവിലെ വികസനത്തിനൊപ്പം ഭൗതീക സാഹചര്യങ്ങൾ ഇനിയും ഉയർത്തണമെന്ന് എംഎൽഎ പറഞ്ഞു. കോളജ് വിദ്യാഭ്യാസ ഡയറക്ടർ കെ.സുധീർ, മഹാരാജാസ് കോളജ് പ്രിൻസിപ്പൽ ഡോ.വി.എസ് ജോയ്, ഗവേണിംഗ് ബോഡി ചെയർമാൻ ഡോ.എൻ.രമാകാന്തൻ, എം.ജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ഡോ.എസ്.ഷജില ബീവി, വൈസ് പ്രിൻസിപ്പൽ ഡോ.ടി.കെ ബിന്ദു ശർമ്മിള, പി.ടി.എ വൈസ് പ്രസിഡന്റ് സിജി ബാബു, സെക്രട്ടറി ഡോ. എം.എസ് മുരളി തുടങ്ങിയവർ പങ്കെടുത്തു. പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സി.എഞ്ചിനിയർ ജെസി മോൾ ജോഷ്വാ റിപ്പോർട്ട് അവതരിപ്പിച്ചു.

# കർഷകർക്ക് ആശ്വാസം; കാസർകോട്ട് പച്ചത്തേങ്ങ സംഭരണത്തിനു തുടക്കം

**കാസർകോട് :** വിലയിടിവിനെ തുടർന്ന് പ്രയാസം നേരിടുന്ന കേര കർഷകർക്ക് ആശ്വാസം പകർന്ന് താങ്ങുവില പദ്ധതി പ്രകാരമുള്ള പച്ചത്തേങ്ങ സംഭരണം കാസർകോടും തുടങ്ങി. വിദ്യാനഗർ നെലക്കള റോഡിലുള്ള കെ.സി.എം.പി. സൊസൈറ്റിയിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. സംഭരണത്തിന്റെ ഉദ്ഘാടനം കലക്ടർ കെ.ഇമ്പശേഖർ നിർവഹിച്ചു. സംഘം പ്രസിഡന്റ് കെ.വി.ഗോപാലൻ അധ്യക്ഷനായി. പൊതിച്ച നാളികേരത്തിന് കിലോയ്ക്ക് 34 രൂപ നിരക്കിലാണ് സംഭരിക്കുന്നത്. കാസർകോട്ടെ പൊതു വിപണിയിൽ വെള്ളിയാഴ്ചത്തെ വില 20 മുതൽ 24 രൂപ വരെ മാത്രമാണ്. സംഭരണം തുടങ്ങിയതോടെ കാസർകോട് വിപണിയിൽ വില ഉയർന്നിട്ടുണ്ട്. ചൊവ്വ,വ്യാഴം ദിവസങ്ങളിൽ രാവിലെ 10 മുതൽ മൂന്ന് മണിവരെയാണ് പച്ചത്തേങ്ങ സംഭരിക്കുക. സംഭരണത്തിന്റെ ആദ്യദിവസം 6183 കിലോ തേങ്ങയാണ് സംഭരിച്ചത്.



കാസർകോട്, മഞ്ചേശ്വരം ബ്ലോക്കിലെയും സമീപ പഞ്ചായത്തുകളിലെയും കർഷകർക്ക് പച്ചത്തേങ്ങ വിദ്യാനഗറിലുള്ള കേന്ദ്രത്തിൽ നൽകാൻ കഴിയും. കൃഷി ഭവനുകൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് തേങ്ങ സംഭരിക്കുന്നത്. തേങ്ങയുടെ വില കർഷകർക്ക് കേരഫെഡ് നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. താൽപര്യമുള്ള കർഷകർ കൃഷി ഭവനുകളുമായി ബന്ധപ്പെടണം. നഗര സഭാ കൗൺസിൽ കെ.സവിത, പ്രിൻസിപ്പൽ കൃഷി ഓഫീസർ മിനി പി.ജോൺ, കൃഷി വകുപ്പ് അസി.ഡയറക്ടർമാരായ എ.വി.നൗഷാദ്, ഫീസത്ത് ഹംഷീന, സഹകരണ സംഘം അസി.റജിസ്ട്രാർ വി.ചന്ദ്രൻ, കൃഷി ഓഫീസർ എം.പി.ശ്രീജ, സംഘം സെക്രട്ടറി പി.കെ.വിനോദ്കുമാർ, സംഘം വൈസ് പ്രസിഡന്റ് കെ.വി.ഭക്തവത്സലൻ, ഭരണ സമിതി അംഗം യു.എസ്.ബാലൻ, മുൻ നഗര സഭാ ചെയർപേഴ്സൻ ബീ തുടങ്ങിയവർ സംസാരിച്ചു.

ഹരിതം

# മികച്ച വിലയിൽ കൊക്കോ; മഴക്കാലത്ത് വിളവ് വർധിപ്പിക്കാൻ

കേരളത്തിൽ കാലവർഷം ആരംഭിക്കുന്നത് മേയ് ജൂൺ മാസങ്ങളിലാണ്. ഈ സമയമാണ് കൊക്കോ നടാൻ ഏറ്റവും ഫലപ്രദം. ഇതിനായി 45 50 സെ.മീ വീതം (1.5 അടിയോളം) നീളവും വീതിയും ആഴമുള്ള കുഴികൾ കാലവർഷാരംഭത്തോടെ എടുക്കണം. നടുന്ന സമയത്ത് ഓരോ കുഴിയിലും 1520 കി.ഗ്രാം ജൈവവളം, ചാണകപ്പൊടി ഇട്ട് മേൽമണ്ണുമായി ചേർത്തിളക്കി കുഴി മൂടണം. മൂടിയ കുഴിയുടെ നടുവിൽ ഒരു ചെറിയ കുഴിയുണ്ടാക്കി തൈ നടാം. വേരുപടലത്തിന് ഇളക്കം തട്ടാതെ മണ്ണോടു കൂടിയാണ് നടേണ്ടത്. ചുവട്ടിൽ മണ്ണ് കൂട്ടി അമർത്തി കൊടുത്താൽ മഴവെള്ളം കെട്ടിനിൽക്കുന്നത് തടയാനാകും. തൈകൾക്ക് ഉയരം കൂടുതലുണ്ടെങ്കിൽ ശക്തമായ മഴയിലും കാറ്റിലും മറിയാതിരിക്കുന്നതിന് താങ്ങ് കൊടുക്കുകയും വേണം.



മഴക്കാലത്ത് തോട്ടത്തിൽ കളശല്യം കൂടുതലായിരിക്കും. അതുകൊണ്ടുതന്നെ തൈ നട്ട് അദ്യത്തെ 23 വർഷം തോട്ടത്തിൽ കളനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കണം. കളശല്യം ഒഴിവാക്കാനായി കളനാശിനി ഉപയോഗിക്കുന്നത് കൊക്കോ തൈകളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതായി കാണാം.

കാലവർഷാരംഭത്തോടെ മേയ് ജൂൺ മാസത്തിലും തുലാവർഷാരംഭത്തോടെ സെപ്റ്റംബർ ഒക്ടോബർ മാസത്തിലുമായി ആവശ്യമായ വളം നൽകാം. പൂർണ വളർച്ചയെത്തിയ ഒരു കൊക്കോയ്ക്ക് 100:40:40 എന്ന തോതിൽ പാക്യജനകം, ഭാവകം, ക്ഷാരം എന്നിങ്ങനെയാണ് രണ്ടു പ്രാവശ്യമായി നൽകേണ്ടത്. കൊക്കോ തൈ നട്ട് ആദ്യ വർഷം രാസവളത്തിന്റെ മൂന്നിൽ ഒന്നും, രണ്ടാം വർഷം മൂന്നിൽ രണ്ട് ഭാഗവും മാത്രം നൽകിയാൽ മതിയാകും. രാസവളം തടത്തിൽ മരത്തിനു ചുറ്റും കടതൊടാതെ വിതറി നേരിയ കനത്തിൽ മണ്ണിട്ട് പുതയിടാം.

കൊക്കോ കൃഷി മേഖലയിൽ കാലവർഷക്കാലത്ത് കണ്ടു വരുന്ന കറുത്ത കായ ഒരു കുമിൾ രോഗമാണ്. ഫൈറ്റോഫ്ത്തോറ പാമിവോറ എന്ന കുമിളാണ് കാലവർഷക്കാലത്ത് കൊക്കോയിൽ ഈ രോഗമുണ്ടാക്കുന്നത്. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും അധികം രോഗബാധ കാണപ്പെടുന്നത്. കൊക്കോയിൽ ഈ രോഗം പ്രധാനമായും കായ്കളെയാണ് ബാധിക്കുന്നത്. രോഗം യഥാസമയം നിയന്ത്രിക്കാതെയിരുന്നാൽ ഇലകളെയും തണ്ടിനെയും ഈ രോഗം ബാധിക്കുകയും ചിലപ്പോൾ മരം തന്നെ ഉണങ്ങിപ്പോകാൻ കാരണമാവുകയും ചെയ്യുന്നു. ഈ രോഗത്തെ നിയന്ത്രിക്കുന്നതിന് ബോർഡോ മിശ്രിതമാണ് ഏറ്റവും ഫലപ്രദം. മേയ് അവസാനത്തിലും കാലവർഷത്തിനിടയ്ക്ക് ലഭിക്കുന്ന തെളിവിലും ബോർഡോ മിശ്രിതം തെളിക്കാൻ സാധിച്ചാൽ ഈ രോഗം നിയന്ത്രിക്കാം.

അല്ലെങ്കിൽ ഏതെങ്കിലും തുരിശ് ചേർന്ന കുമിൾ നാശിനിയും ഉപയോഗിക്കാം. അതിനു മുൻപായി നിലം പറ്റി കിടക്കുന്ന ശിഖരങ്ങളുടെ അഗ്ര ഭാഗം മുറിച്ച് തോട്ടത്തിൽ നല്ല കാറ്റോട്ടം ഉറപ്പു വരുത്തണം.

കൂടാതെ മധ്യഭാഗം തുറന്ന രീതിയിലുള്ള പ്രൂണിങ്ങും ചെയ്യണം. ഇത് രോഗനിയന്ത്രണത്തിന് മാത്രമല്ല സൂര്യപ്രകാശം തായ്ത്തടിയിൽ പതിച്ച് പൂക്കൾ ഉണ്ടാകുന്നതിനും സഹായിക്കുന്നു. രോഗം ബാധിച്ചതും അണ്ണാൻ, എലി മുതലായവ നശിപ്പിച്ചതുമായ കായ്കൾ ചെടിയിൽ നിന്നും നീക്കം ചെയ്ത് തോട്ടത്തിന് വെളിയിൽ കൊണ്ടുപോയി നശിപ്പിക്കണം.

മൂപ്പെത്തിയ കായ്കൾ യഥാസമയം പറിച്ചെടുക്കുക വഴി കറുത്ത കായ രോഗം മൂലമുള്ള നഷ്ടം വലിയൊരളവ് വരെ നിയന്ത്രിക്കാം. ശരിയായ രീതിയിൽ പരിചരിച്ചാൽ കർഷകന് എന്നും താങ്ങായി നിൽക്കുന്ന വിളയാണ് കൊക്കോ.

# കുരുമുളകിനു സമാനമായ എരിവ്; ഇറ്റാലിയൻ തുളസി

നമ്മുടെ കാലാവസ്ഥയിൽ നന്നായി വളരുന്ന ഔഷധഗുണം ഏറെയുള്ള ഈ സസ്യം പുതിനയുടെ കുടുംബത്തിൽപ്പെട്ടതാണ്. കുരുമുളകിനു സമാനമായ എരിവ്. വേറിട്ട മണം. സാധാരണ തുളസിയുടേതിനെക്കാൾ വലിയ ഇലകൾ. പല ഇനങ്ങൾ ഉണ്ടെങ്കിലും പച്ച, വൈലറ്റ് നിറങ്ങളിലുള്ളവയാണ് പ്രധാനം.

മഴക്കാലത്ത് ശല്യമാകുന്ന ഒച്ചുകളെ ഈ ചെടി അകറ്റി നിർത്തും. ഇതിന്റെ 2 ഇലകൾ ഞെരടി ചെടിച്ചട്ടിയിൽ ഇട്ടാൽ അതിലെ ചെടിയെ ഒച്ച് ആക്രമിക്കില്ല. സംരക്ഷിക്കേണ്ട ചെടിയുടെ അടുത്ത് ഇത് നട്ടാലും മതി.

വിഭവങ്ങളുണ്ടാക്കാൻ ഇലകൾ, തണ്ടുകൾ, വിത്തുകൾ, പൂക്കൾ എന്നിവ ഉപയോഗിച്ചുവരുന്നു. വിത്തുകളും പൂക്കളും ഉണക്കി ഉപയോഗിക്കാം. പുതുതലമുറയുടെ ഇഷ്ടവിഭവങ്ങളായ പീത്സ, ബർഗർ, പാസ്ത എന്നിവയിലും സാലഡ്, സോസ്, മുട്ട, വിനാഗിരി എന്നിവയുമായി ചേർത്തും ഉപയോഗിക്കാം. വൈറ്റമിനുകൾ, കാത്സ്യം, മഗ്നീഷ്യം, നീരോക്സികാരികൾ എന്നിവ നല്ല തോതിലുണ്ട്.



നല്ല സൂര്യപ്രകാശവും ഉയർന്ന താപനിലയുമുള്ള പ്രദേശങ്ങളിൽ നന്നായി വളരും. നേരിയ തണലിലും വളരും. വീട്ടാവശ്യത്തിന് ചട്ടികളിലോ മഴമറയ്ക്കുള്ളിലോ വളർത്താം. നല്ല നീർവാർച്ചയും ജൈവാംശവും ഈർപ്പവുമുള്ള മണ്ണാണ് ഇഷ്ടം. എന്നാൽ ശൈത്യം ഇഷ്ടമല്ല.

വിത്തുകൾ പാകിയും കമ്പുകൾ മുറിച്ചു നട്ടും പുതിയ തൈകൾ ഉൽപാദിപ്പിക്കാം. വിത്തു പാകുന്ന മിശ്രിതത്തിൽ സമ്പുഷ്ട ചാണകവും ചകിരിച്ചോറും കംപോസ്റ്റും ഓരോ ഭാഗം വീതം ചേർക്കണം. രണ്ടാഴ്ചയ്ക്കുള്ളിൽ വിത്ത് മുളയ്ക്കും. 30,35 ദിവസത്തിൽ പറിച്ചു നട്ട് തണൽ നൽകണം. ചെടികൾ തമ്മിൽ ഒരടി അകലം നൽകണം.

നേരിട്ട് വിത്തു പാകിയും വളർത്താം. പറിച്ചു നട്ട് 2,3 ആഴ്ച കഴിഞ്ഞ് വിളവെടുക്കാം. തണ്ടോടുകൂടി കത്രിക/കൈകൊണ്ടു വിളവെടുത്താൽ കൂടുതൽ ശിഖരങ്ങൾ പൊട്ടി ചെടി കുറ്റിയായി നിർത്താം.

വിഷാംശം നിർവീര്യമാക്കുന്നതിനുള്ള കഴിവ് ഈ ചെടിക്കുണ്ട്. കരളിൽ കൊഴുപ്പ് അടിയുന്നത് ഒരു പരിധി വരെ തടയുന്നു.

ഇതിന്റെ 2 ഇലയിട്ടു തിളപ്പിച്ചാൽ വെള്ളം ശുദ്ധീകരിക്കാം. മാനസിക സമ്മർദം കുറയ്ക്കുന്നു. ദഹനപ്രക്രിയയെ സഹായിക്കുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് ക്രമീകരിക്കുന്നു.

കീട,രോഗബാധ അപൂർവം. വൈറ്റമിൻ കെ ധാരാളമായുള്ളതു രക്തം കട്ടപിടിക്കുന്നതിനെ സഹായിക്കുമെന്നതിനാൽ വളരെക്കുറഞ്ഞ അളവിൽ കഴിച്ചാൽ മതി. ചീരപോലെ ഇതു മാത്രമായി കറിവച്ച് കഴിക്കാൻ പാടില്ല.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ജില്ലയിലെ മുളന്തുരുത്തി അഡിഷണൽ ഐസിഡിഎസ് പ്രോജക്ടിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ തെക്കുംഭാഗം സെക്ടറിലെ 22 അങ്കണവാടികളിലേക്കും, എരൂർ സെക്ടറിലെ 22 അങ്കണവാടികളിലേക്കും, ഉദയംപേരൂർ പഞ്ചായത്തിലെ 35 അങ്കണവാടികളിലേക്കും ആഴ്ചയിൽ 2 ദിവസം പാൽ വിതരണം ചെയ്യുന്നതിന് താൽപ്പര്യമുള്ള സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും മൽസരസ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സംബന്ധിച്ചുള്ള കുടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ തിരുവാങ്കുളത്തുള്ള പഴയ പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന മുളന്തുരുത്തി അഡിഷണൽ ശിശുവികസന പദ്ധതി ഓഫിസുമായോ 04842786680, 9188958730 ഫോൺ നമ്പരുകളിലോ ബന്ധപ്പെടണം. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി :27 ഉച്ചയ്ക്ക് ശേഷം 3.30 വരെ .

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ജില്ലയിലെ മുളന്തുരുത്തി അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ തെക്കുംഭാഗം സെക്ടറിലെ 22 അങ്കണവാടികളിലേക്കും, എരൂർ സെക്ടറിലെ 22 അങ്കണവാടികളിലേക്കും, ഉദയംപേരൂർ പഞ്ചായത്തിലെ 35 അങ്കണവാടികളിലേക്കും ആഴ്ചയിൽ 2 ദിവസം മുട്ട വിതരണം ചെയ്യുന്നതിന് താത്പര്യമുള്ള സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്നും മൽസര സ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ തിരുവാങ്കുളത്തുള്ള പഴയ പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന മുളന്തുരുത്തി അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസുമായോ 04842786680, 9188958730 എന്ന ഫോൺ നമ്പരുകളിലോ ബന്ധപ്പെടേണ്ടതാണ്. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി : 27 ഉച്ചയ്ക്ക് ശേഷം 3.30. വരെ .

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** അർബൻ 3, ഐ.സി.ഡി.എസ് പ്രോജക്ട് പരിധിയിൽ വരുന്ന മുൻസിപ്പാലിറ്റിയിലെ അങ്കണവാടികളിൽ അങ്കണവാടി വർക്കർ ഹെൽപ്പർ തസ്തികകളിൽ നിലവിലുള്ളതും, ഭാവിയിൽ ഉണ്ടാകാവുന്നതുമായ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി മുൻസിപ്പാലിറ്റിയിലെ സ്ഥിരതാമസക്കാരും സേവനതത്പരരുമായ അപേക്ഷകർ മികച്ച ശാരീരിക മാനസിക ക്ഷമതയുള്ള (ഭിന്നശേഷിക്കാർ അപേക്ഷിക്കേണ്ടതില്ല) വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷകരുടെ പ്രായം 01012023 ൽ 18 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 46 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ 25 ന് രാവിലെ 10 മുതൽ ഓഗസ്റ്റ് 25 വൈകിട്ട് 5 വരെ കൊച്ചി അർബൻ 3, ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിൽ സ്വീകരിക്കും.

കൂടുതൽ വിവരങ്ങൾക്ക് കൊച്ചി അർബൻ 3, ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഐ.സി.ഡി.എസ് കൊച്ചി അർബൻ 3, പ്രോജക്ട് പരിധിയിൽ വരുന്ന മുൻസിപ്പാലിറ്റിയിലെ സ്ഥിരതാമസക്കാർ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. ഫോൺ :04842706695



### മഴക്കാല പ്രത്യേക ഭക്ഷ്യസുരക്ഷ

# ഓപ്പറേഷൻ മത്സ്യയിലൂടെ നടത്തിയത് 2964 പരിശോധനകൾ

**തിരുവനന്തപുരം:** നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന കാമ്പയിന്റെ ഭാഗമായി കഴിഞ്ഞ ഒന്നര മാസം കൊണ്ട് 5516 മഴക്കാല പ്രത്യേക ഭക്ഷ്യസുരക്ഷാ പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മഴക്കാലത്ത് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സ്പെഷ്യൽ സ്‌ക്വാഡുകൾ രൂപീകരിച്ചാണ് പ്രത്യേക പരിശോധനകൾ ശക്തമാക്കിയത്. ട്രോളിംഗ് നിരോധനം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ മത്സ്യയുടെ പ്രവർത്തനങ്ങളും ശക്തമാക്കിയിരുന്നു. ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി എപ്രിൽ ഒന്നുമുതൽ ഇതുവരെ 2964 പരിശോധനകളാണ് നടത്തിയത്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. എല്ലാ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർക്കും തത്സമയം പരിശോധനകൾ റിപ്പോർട്ട് ചെയ്യാൻ ടാബുകൾ അനുവദിച്ചു വരുന്നു. പരിശോധനകൾ കർശനമായി തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

ജൂൺ ഒന്നു മുതൽ ഇതുവരെ 992 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ, 3236 സർവൈലൻസ് സാമ്പിളുകൾ ശേഖരിച്ചു ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി. 603 കോമ്പൗണ്ടിംഗ് നോട്ടീസ്, 794 റെക്ടിഫിക്കേഷൻ നോട്ടീസ് എന്നിവ വീഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നൽകി. 29.05 ലക്ഷം രൂപ പിഴയായി ഈടാക്കി. 3029 സ്ഥാപനങ്ങൾക്ക് ലൈസൻസും 18,079 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും ഈ കാലയളവിൽ നൽകിയിട്ടുണ്ട്. ലൈസൻസും രജിസ്ട്രേഷനും എല്ലാവരും കൃത്യമായി പുതുക്കേണ്ടതാണ്. അല്ലാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ജീവനക്കാർ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുത്തിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി മത്സ്യ ഹാർബറുകൾ, ലേല കേന്ദ്രങ്ങൾ, മത്സ്യ മാർക്കറ്റുകൾ, ചെക്ക്പോസ്റ്റുകൾ, വാഹനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. ഓപ്പറേഷൻ മത്സ്യയുടെ ഭാഗമായി ഏപ്രിൽ മുതൽ ഇതുവരെ 2893 സാമ്പിളുകളാണ് ശേഖരിച്ചത്. 5549 കിലോ കേടായ മത്സ്യം പിടിച്ചെടുത്തു നശിപ്പിച്ചു.

സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്പിലൂടെ തൊട്ടടുത്തുള്ള ഗുണനിലവാരം സൂക്ഷിക്കുന്ന ഹോട്ടലുകളുടെ വിവരവും അവയുടെ ലൊക്കേഷനും അറിയാൻ കഴിയുന്നതാണ്. പരാതി പരിഹാര സംവിധാനമായ ഗ്രീവൻസ് പോർട്ടൽ ഈ ആപ്പിൽ ലിങ്ക് ചെയ്തിരിക്കുന്നു. ഈ ആപ്പ് നിലവിൽ വന്ന ശേഷം 489 പരാ

തികളാണ് ലഭിച്ചത്. 333 പരാതികൾ പരിഹരിച്ചു. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചു വരുന്നു.

## ന്യൂറോ സർജറി വിഭാഗത്തിൽ താക്കോൽദ്വാര ശസ്ത്രക്രിയ വിജയകരമാക്കി എറണാകുളം ജനറൽ ആശുപത്രി

**കൊച്ചി:** ന്യൂറോ സർജറി വിഭാഗത്തിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള താക്കോൽദ്വാര ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി എറണാകുളം ജനറൽ ആശുപത്രി. കടുത്ത നടുവേദനയ്ക്കും കാലുകളുടെ മരവിപ്പിനും ബലക്ഷയത്തിനും കാരണമാകുന്ന നട്ടെല്ലിലെ ഡിസ്ക് തള്ളലിനുള്ള സങ്കീർണ ശസ്ത്രക്രിയയാണ് വിജയകരമായി പൂർത്തിയാക്കിയത്.

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹായത്തോടെ ആരംഭിച്ച മിനിമലി ഇൻവേസീവ് ഡിസെക്ടമി എന്ന സർജറി രീതി പരമ്പരാഗത ന്യൂറോ ശസ്ത്രക്രിയയെ അപേക്ഷിച്ച് സവിശേഷമായ നിരവധി ഗുണങ്ങൾ ഉൾക്കൊള്ളുന്നതാണ്.

തലച്ചോറിനേയും നട്ടെലിനെയും ബാധിക്കുന്ന പരുക്കുകൾ, അണുബാധ, രക്തസ്രാവം, ട്യൂമർ തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രധാന ശസ്ത്രക്രിയകൾക്കുള്ള സൗകര്യങ്ങൾ എറണാകുളം ജനറൽ ആശുപത്രി ഒരുക്കിയിട്ടുണ്ടെന്ന് ആശുപത്രി സൂപ്രണ്ട് ഡോ. ആർ ഷാഹിർഷ അറിയിച്ചു. സർജിക്കൽ മൈക്രോസ്കോപ്പി, സി ആം (ര അങ്ങെ), സി.യു.എസ്.എ (ഇഡടഅ) തുടങ്ങിയ നൂതന സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ശാസ്ത്രക്രിയകൾ രോഗികൾക്ക് ഗുണപ്രദമാവുമെന്നും സൂപ്രണ്ട് പറഞ്ഞു.

ന്യൂറോ സർജൻ ഡോ. കെ.കെ വിനീത്, അനസ്തെറ്റിസ്മാരായ ഡോ. മധു, ഡോ. ടെസ്സി ജെയിംസ് എന്നിവരുടെ നേതൃത്വത്തിലാണ് നിലവിൽ ന്യൂറോ സർജറി വിഭാഗം പ്രവർത്തിക്കുന്നത്.

പൊതുമേഖല ആശുപത്രികളിൽ ഇത്തരം ശസ്ത്രക്രിയ ചെയ്യുന്നത് വളരെ വിരളമാണ്. എറണാകുളം ജനറൽ മിനിമലി ഇൻവേസീവ് ഡിസെക്ടമി സർജറി പ്രോഗ്രാമിന്റെ ആരംഭത്തോടെ ജില്ലയിലെ നിർധനരായ ന്യൂറോ രോഗികൾക്ക് ചെലവുകുറഞ്ഞ നിരക്കിൽ ഈ സേവനം ലഭ്യമാകുന്നു. എല്ലാ ബുധനാഴ്ചകളിലും, ശനിയാഴ്ചകളിലും ന്യൂറോ സർജറി ഒ.പിയും വ്യാഴാച്ചകളിൽ ഓപ്പറേഷനുകളും ഉണ്ടായിരിക്കുമെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചു.

## സംഗീതഭൂഷണം ഡിപ്ലോമ പ്രോഗ്രാമിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് നടത്തുന്ന സംഗീതഭൂഷണം (ഡിപ്ലോമ ഇൻ കർണാട്ടിക് മ്യൂസിക്) (ടആഉ) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡോ. കെ. ഓമനക്കുട്ടിയുടെ നേതൃത്വത്തിലുള്ള സംഗീത ഭാരതിയാണ് ഈ പ്രോഗ്രാമിന് വേണ്ട അക്കാദമിക് സഹായം നൽകുന്നത്.

ആഴ്ചയിൽ രണ്ട് ദിവസം വൈകുന്നേരം 7.30 മുതൽ 9.30 ഓരോ വരെയുള്ള സമയങ്ങളിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ, വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, പ്രൊജക്റ്റ് വർക്ക്, എന്നീ മാർഗ്ഗങ്ങളിലൂടെയാണ് സംഗീതഭൂഷണം ഡിപ്ലോമ പ്രോഗ്രാമിന്റെ പഠനം ക്രമീകരിക്കുന്നത്. എഴുത്തു പരീക്ഷകൾ, അസൈൻമെന്റുകൾ, പ്രോജക്ട്, പ്രാക്ടിക്കൽ പരീക്ഷകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് പ്രോഗ്രാമിന്റെ മൂല്യനിർണ്ണയം. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം.

ഡിപ്ലോമ പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത +2 പാസ്സ് അഥവാ തത്തുല്യ യോഗ്യത യാണ്. അപേക്ഷകർ 40 വയസ്സിനു മുകളിൽ പ്രായമുള്ളവർ ആണെങ്കിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. പാസ്സ്. അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 17 ആണ്.

ഉയർന്ന പ്രായപരിധിയില്ല. ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കുന്നതിന് https://apps.rccc.in/register എന്ന ലിങ്കിലൂടെ കഴിയും. https:/s/rccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാം. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31.

വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി. ഒ, തിരുവനന്തപുരം33. ഫോൺ നം: 04712325101, 8281114464. വിശദാംശങ്ങൾ wwws.rccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## കളമശ്ശേരി അസാപ്പിൽ പ്രവേശനം ആരംഭിച്ചിരിക്കുന്നു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ ,കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു .കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ 400 മണിക്കൂർ ട്രെയിനിങ് പ്രോഗ്രാം ആണ് , ഇത് പൂർത്തിയാകുന്നവർക്ക് വിവിധ സ്ഥാപനങ്ങളിൽ സോഫ്റ്റ് സ്കിൽ ട്രെയ്നറായി ജോലി ചെയ്യുവാൻ സാധിക്കുന്നതാണ്. കേന്ദ്ര സർക്കാർ അംഗീകൃത എൻഎസ്ഡിസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. 18 വയസ്സ് തികഞ്ഞ ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സന്ദർശിക്കുകയോ 9778598336 , 9495219570 നമ്പറിൽ ബന്ധപെടുകയോ ചെയ്യുക.

# സ്പീക്കർ എ.എൻ. ഷംസീർ രാജി വയ്ക്കണം: വിശ്വ ഹിന്ദു പരിഷത്ത്

**കൊച്ചി :** ഹിന്ദുമത നിന്ദ പ്രസ്താവന നടത്തിയ സ്പീക്കർ എ.എൻ. ഷംസീർ രാജി വയ്ക്കണമെന്നും ഹിന്ദു സമൂഹത്തോട് പരസ്യമായി മാപ്പു പറയണമെന്നും വിശ്വ ഹിന്ദു പരിഷത്ത് ആവശ്യപ്പെട്ടു.

ഭരണഘടനാ പദവി വഹിക്കുന്ന ഒരു വ്യക്തിയുടെ ഭാഗത്ത് നിന്നും ഒരിക്കലും ഉണ്ടാകുവാൻ പാടില്ലാത്ത ഹിന്ദുമത നിന്ദാ പ്രസ്താവനയാണ് സ്പീക്കർ നടത്തിയത്. സ്വന്തം മതത്തിലെ അശാസ്ത്രീയവും യുക്തി രഹിതവുമായ കാര്യങ്ങളെ കുറിച്ച് ഒരക്ഷരം പോലും മിണ്ടാൻ ധൈര്യമില്ലാത്ത ഷംസീർ ഹിന്ദു ദൈവങ്ങളെയും വിശ്വസങ്ങളെയും അവഹേളിച്ചതിലൂടെ അദ്ദേഹത്തിന്റെ മത തീവ്രവാദ മുഖമാണ് വെളിപ്പെട്ടത്. നിരോധിക്കപ്പെട്ട പോപ്പുലർ ഫ്രണ്ടിന്റെ സ്ലീപ്പർ സെല്ലായി കേരളത്തിൽ സി.പി.എം പ്രവർത്തിക്കുന്നു എന്ന വി.എച്ച്.പിയുടെ വ്യക്തമായ ആരോപണത്തിന് കൃത്യമായ തെളിവ് കൂടിയാണിതെന്ന് വി.എച്ച്.പി. സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ എന്നിവർ പറഞ്ഞു.

ഹൈന്ദവ സംസ്ക്കാരത്തെ പറ്റി യാതൊന്നും മനസ്സിലാക്കാതെ അദ്ദേഹത്തിന്റെ ഉള്ളിലെ ഇസ്ലാമിക മതവാദ മുഖം പുറത്തു ചാടിയ സാഹചര്യത്തിൽ അദ്ദേഹം പറഞ്ഞ വാചകങ്ങൾ സാധാരണക്കാരായ ഹിന്ദുക്കളുടെ വികാരത്തെയും ഈശ്വര വിശ്വാസത്തേയും ആഴത്തിൽ മുറിവേൽപ്പിച്ചു. ഷംസീറിന്റെ പ്രസ്താവന ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന വ്യവസ്ഥകളുടെ നഗ്നമായ ലംഘനമായതിനാൽ ആ പദവിയിൽ തുടരാൻ അദ്ദേഹം അർഹനല്ല. ഹൈക്കോടതി സ്വമേധയാ കോവാറണ്ടോ റിട്ട് പ്രകാരമോ, ഗവർണർ അദ്ദേഹത്തിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചോ അദ്ദേഹത്തെ ആ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണെന്നും അല്ലാത്ത പക്ഷം വി എച്ച് പി നിയമനടപടികളുമായി മുന്നോട്ട് പോകുമെന്നും നേതാക്കൾ വാർത്താകുറിപ്പിലൂടെ അറിയിച്ചു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിദ്യാജ്യോതി പദ്ധതിയുടെ ഉദ്ഘാടനത്തിനിടയിലാണ് ഹൈന്ദവ വിശ്വാസങ്ങളെ അവഹേളിച്ച് സ്പീക്കർ സംസാരിച്ചത്.




**അങ്കമാലി ഫിസാറ്റ് ബിസിനസ് സ്കൂളിൽ എം ബി എ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ എ വി ടി മാക്രോമിക്സ് മാനേജിങ് ഡയറക്ടർ സുഷമ ശ്രീകണ്ടത് വിതരണം ചെയുന്നു.ഡോ അനൂ അന്ന ആന്തണി, ഡോ എ ജെ ജോഷ്വ, ഷിമിത്ത് പി ആർ, ഡോ മനോജ് ജോർജ്, ഡോ മിനി പി ആർ തുടങ്ങിയവർ സമീപം**

## ഫിസാറ്റ് ബിസിനസ് സ്കൂളിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

**അങ്കമാലി :** ഫിസാറ്റ് ബിസിനസ് സ്കൂളിൽ എം ബി എ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു  എ വി ടി മാക്രോമിക്സ് മാനേജിങ് ഡയറക്ടർ സുഷമ ശ്രീകണ്ടത്  സമ്മേളനം ഉത്ഘാടനം ചെയ്തു. ചെയർമാൻ ഷിമിത്ത് പി ആർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മികച്ച ഔട്ട് സ്റ്റാന്റിംഗ് സ്റ്റുഡൻറ്, മികച്ച പ്രൊജക്റ്റ്, മികച്ച വിജയം നേടിയ വിദ്യാർത്ഥികൾ തുടങ്ങിയവരെ  ചടങ്ങിൽ ആദരിച്ചു.  പ്രിൻസിപ്പൽ ഡോ മനോജ് ജോർജ്, വൈസ് പ്രിൻസിപ്പൽ  ഡോ മിനി പി ആർ, ഫിസാറ്റ് ബിസിനസ് സ്കൂൾ ഡയറക്ടർ ഡോ എ ജെ ജോഷ്വ , പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ അനൂ അന്ന ആന്തണി, ഡോ സിന്ധു ജോർജ്  തുടങ്ങിവർ ചടങ്ങിൽ പങ്കെടുത്തു. 120 വിദ്യാർത്ഥികളാണ് ഈ വർഷം എം ബി എ പൂർത്തിയാക്കി പുറത്തിറങ്ങുന്നത്. മികച്ച  പ്ലേസ്മെൻറ് വിദ്യാർത്ഥികളുടെ മികച്ച അക്കാദമിക് നിലവാരത്തിന് മാറ്റു കൂട്ടി.

# ഗുഡ് ലൈഫ് ഫെസ്റ്റുമായി ക്രോമ




**കൊച്ചി:** ക്രോമ തങ്ങളുടെ മൺസൂൺ കാല കാമ്പെയിനായ ഗുഡ് ലൈഫ് ഫെസ്റ്റിനു തുടക്കം കുറിച്ചു. വീട്ടുപകരണങ്ങളുടെ ശ്രേണിയിൽ നിരവധി ഇളവുകളും ആനുകൂല്യങ്ങളുമാണ് ഗുഡ് ലൈഫ് ഫെസ്റ്റിൻറെ ഭാഗമായി ക്രോമ നൽകുന്നത്. വാഷിങ് മിഷ്യനുകൾ, വാട്ടർ പ്യൂരിഫയറുകൾ, എയർ ഫ്രയറുകൾ, ഒടിജികൾ, മൈക്രോവേവുകൾ, കെറ്റിലുകൾ തുടങ്ങിയവ അടക്കമുള്ള വിഭാഗങ്ങളിൽ 50 ശതമാനം വരെ ഇളവാണ് ഉപഭോക്താക്കൾക്കു നൽകുന്നത്.

ഗുഡ് ലൈഫ് ഫെസ്റ്റിൻറെ ഭാഗമായി ബേകിങ്, റോസ്റ്റിങ് വിഭാഗത്തിൽ മർഫി ഒടിജിക്ക് 50 ശതമാനം വരെ ഇളവാണ് ക്രോമ നൽകുന്നത്. 48 ശതമാനം ഇളവോടെ ഹാവെൽസ് കെറ്റിലും ലഭിക്കും. സവിശേഷമായ ഈ ഇളവുകൾക്ക് പുറമെ കൺവെക്ഷൻ മൈക്രോവേവുകൾ, ഒടിജി തുടങ്ങിയവ ഉൾപ്പെടെയുള്ള ക്രോമയുടെ സ്വന്തം ഉത്പന്ന നിരയിൽ 30 ശതമാനം വരെയുള്ള ഡീലുകളും ഉപഭോക്താക്കൾക്കു കരസ്ഥമാക്കാം.

ക്രോമയുടെ ഗുഡ് ലൈഫ് ഫെസ്റ്റിൽ വാഷർഡ്രയറുകൾ പ്രതിമാസം 2071 രൂപ മുതൽ 12 മാസത്തേക്ക് എന്ന രീതിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ആധുനിക കോപ്പർ ടെക്നോളജി ആർഒകൾ 16,990 രൂപ മുതൽ ലഭ്യമാക്കിയിട്ടുണ്ട്. 1210 രൂപ മുതൽ 12 മാസത്തേക്ക് എന്ന നിലയിൽ ഇതിൻറെ വിപുലമായ നിര ക്രോമ സ്റ്റോറുകളിലും ക്രോമ ഡോട്ട് കോമിലും ടാറ്റാ ന്യൂ ആപ്പിലും ലഭ്യമാക്കിയിണ്ട്. അത്യാധുനിക ഫിൽട്രേഷൻ സാങ്കേതികവിദ്യകൾ വഴി ശുദ്ധീകരണം നടത്തുന്ന ഇവ ബാക്ടീരിയകൾ, വൈറസുകൾ, മറ്റു മാലിന്യങ്ങൾ, അപകടകരമായ രാസവസ്തുക്കൾ തുടങ്ങിയവ കുടിവെള്ളത്തിൽ നിന്ന് നീക്കം ചെയ്യും.

ക്രോമയിലെ ഗുഡ് ലൈഫ് ഫെസ്റ്റ് ഓഫറുകൾ ഉപഭോക്താക്കൾക്ക് അടുത്തുള്ള ക്രോമ സ്റ്റോറിലെത്തിയോ ക്രോമ വെബ്സൈറ്റ് സന്ദർശിച്ചോ സ്വന്തമാക്കാം.

# അങ്കിത് റായ്ക്വാറിന് ഇത് അഭിമാന നിമിഷം

**കൊച്ചി :** വിധി നൽകിയ വൈകല്യത്തെ കീഴ്പ്പെടുത്തിയ അങ്കിത് റായ്ക്വാർ ഇനി കൊച്ചി ജി.എസ്.ടി ഓഫീസിൽ ഹവൽദാർ. വിധി ജൻമനാ വലത് കൈ നൽകിയില്ലെങ്കിലും നിശ്ചയ ദാർഢ്യത്തോടെ പഠിച്ച അങ്കിത് എല്ലാ പ്രതിസന്ധികളെയും തട്ടിമാറ്റിയാണ് ജി.എസ്.ടി തിരുവനന്തപുരം സോൺ കൊച്ചി കമ്മീഷണറേറ്റിൽ ഹവൽദാറായി നിയമനം നേടിയിരിക്കുന്നത്.

ഇന്നലെ കൊച്ചിയിൽ കേന്ദ്ര പരോക്ഷ നികുതി ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഏഴാമത് ദേശീയ തല റോസ്ഗാർ മേളയിൽ കേന്ദ്ര സാമൂഹ്യനീതി, ശാക്തീകരണ വകുപ്പ് സഹമന്ത്രി രാംദാസ് അഠാവ്ലെയുടെ കൈയിൽ നിന്നുമാണ് അങ്കിത് നിയമന ഉത്തരവ് കൈപ്പറ്റിയത്. യു.പി. ജലൗൻ നിലെ സാദാ ഇലക്ട്രിക് തൊഴിലാളിയുടെ മുന്ന് മക്കളിൽ ഇളയവനാണ് അങ്കിത്. ഒറൈ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ നിന്നും ഡോപ്ലോമ കരസ്ഥമാക്കി. തുടർന്ന് ബികോം ടാക്സേഷനും പഠിച്ചു. ഈ വരുന്ന ഓഗസ്റ്റിൽ ജോലിയിൽ പ്രവേശിക്കും.




**ഏഴാമത് ദേശീയ തല റോസ്ഗാർ മേളയിൽ കേന്ദ്ര സാമൂഹ്യനീതി, ശാക്തീകരണ വകുപ്പ് സഹമന്ത്രി രാംദാസ് അഠാവ്ലെയുടെ കൈയിൽ നിന്ന് അങ്കിത് റായ്ക്വാർ നിയമന ഉത്തരവ് കൈപ്പറ്റുന്നു. സി.ജി.എസ്.ടി, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് ചീഫ് കമ്മീഷണർ മനോജ് കുമാർ അറോറ സമീപം**

# കോക്ലിയർ ഇപ്ലാന്റേഷൻ അപ്ഗ്രഡേഷന് വേണ്ട തുക അനുവദിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് അടിയന്തരമായി കോക്ലിയർ ഇംപ്ലാന്റേഷൻ അപ്ഗ്രഡേഷൻ നടത്തേണ്ട സാമൂഹ്യ സുരക്ഷാ മിഷൻ കൈമാറിയ ലിസ്റ്റ് പ്രകാരമുള്ള 25 കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ മെഷീന്റെ അപ്ഗ്രഡേഷന് ആവശ്യമായ തുക ഇന്നലെ അനുവദിച്ചതായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്.എച്ച്.എ.). മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുമ്പ് നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ച് ധന വകുപ്പ് നൽകിയ തുകയായ 59,47,500 രൂപയാണ് എസ്.എച്ച്.എ., സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ചത്. ഈ കുട്ടികൾക്കാവശ്യമായ കോക്ലിയർ ഇംപ്ലാന്റേഷൻ അപ്ഗ്രഡേഷൻ സാമൂഹ്യ സുരക്ഷാ മിഷൻ വഴി തന്നെ നടത്താനാകും.

ശ്രുതിതരംഗം പദ്ധതി സർക്കാർ കയ്യൊഴിഞ്ഞു എന്ന തരത്തിൽ തെറ്റായ പ്രചരണമാണ് നടക്കുന്നത്. മുമ്പ് സാമൂഹ്യനീതി വകുപ്പിന്റെ സാമൂഹ്യ സുരക്ഷാ മിഷനാണ് ശ്രുതിതരംഗം പദ്ധതി നടത്തിവന്നിരുന്നത്. ഈ പദ്ധതി ആരോഗ്യ വകുപ്പിലേക്ക് മാറ്റുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ആരോഗ്യ വകുപ്പ് മന്ത്രിയുടേയും സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടേയും ധനകാര്യ വകുപ്പിന്റേയും നേതൃത്വത്തിൽ രണ്ട് തവണയും ഉദ്യോഗസ്ഥ തലത്തിൽ നിരവധി തവണയും മീറ്റിംഗുകൾ ചേർന്നിരുന്നു. നിലവിലുള്ളവരുടെ കോക്ലിയർ ഇംപ്ലാന്റേഷൻ മെഷീന്റെ അപ്ഗ്രഡേഷൻ സാമൂഹ്യ സുരക്ഷാ മിഷൻ വഴിയും പുതുതായി രജിസ്റ്റർ ചെയ്യുന്നവരുടെ ചികിത്സ എസ്.എച്ച്.എ. വഴിയും നടത്തുന്നതാണ്. ഇതിനാവശ്യമായ ധനസഹായം എസ്.എച്ച്.എ നൽകും. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജ് തുടങ്ങി ഈ മേഖലയിലെ വിദഗ്ധർ കമ്മിറ്റിയിൽ അംഗങ്ങളാണ്. ഈ വിദഗ്ധ സമിതി യോഗം ചേർന്ന് പദ്ധതി നടത്തിപ്പിനായുള്ള പ്രവർത്തന മാർഗരേഖ തയ്യാറാക്കി. എസ്എച്ച്എ ഇത് സർക്കാരിന് നൽകുകയും അംഗീകാരം നൽകുകയും ചെയ്തു. ഇതനുസരിച്ച് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്താനുള്ള സൗകര്യം വിവിധ ആശുപത്രികളിൽ സജ്ജമാക്കുന്നതാണ്. പുതിയ ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ട 49 പേരുടെ ലിസ്റ്റ് സാമൂഹ്യ സുരക്ഷാ മിഷൻ എസ്.എച്ച്.എ.യ്ക്ക് കൈമാറിയിട്ടുണ്ട്. എസ്.എച്ച്.എ.യുടെ പാക്കേജ് പ്രകാരം ആവശ്യമായ കുട്ടികൾക്ക് ശസ്ത്രക്രിയ നടത്തിക്കൊടുക്കുന്നതാണ്.

ശ്രുതിതരംഗം പദ്ധതി ആരോഗ്യ വകുപ്പ് ഏറ്റെടുക്കുന്നതോടെ കൂടുതൽ സുഗമമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതോടെ ശ്രുതിതരംഗം പദ്ധതിയിലേക്ക് സർക്കാർ എംപാനൽ ചെയ്ത ആശുപത്രി വഴി നേരിട്ട് രജിസ്റ്റർ ചെയ്താൽ മതിയാകും. ആശങ്കപ്പെടേണ്ട യാതൊരു കാര്യവുമില്ല. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് സമ്പൂർണ പരിരക്ഷയൊരുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

# റോസഗാർമേള: കൊച്ചിയിൽ നടന്ന ചടങ്ങിൽ 119 പേർക്ക് നിയമന കത്തുകൾ കൈമാറി

**കൊച്ചി:** സ്വപ്നങ്ങൾ യാഥാർത്ഥ്യവും അഭിലാഷങ്ങൾക്ക് ചിറകു മുളയ്ക്കുന്നതുമായ പുരോഗമനത്തിന്റെയും ശാക്തീകരണത്തിന്റെയും ചൈതന്യം ഉൾക്കൊള്ളുന്ന വേദിയാണ് റോസഗാർ മേളയെന്ന് കേന്ദ്ര സാമൂഹ്യനീതി, ശാക്തീകരണ സഹമന്ത്രി ശ്രീ രാംദാസ് അഠാവ്‌ലെ. റോസഗാർ മേളയുടെ ഏഴാം ഘട്ടത്തിന്റെ ഭാഗമായി കേന്ദ്ര പരോക്ഷ നികുതി ബോർഡ് തിരുവനന്തപുരം സോണിന്റെ ആഭിമുഖ്യത്തിൽ ഇന്ന് കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കവെ, റോസഗാർ മേള വെറുമൊരു ഏകദിന പരിപാടി മാത്രമല്ല, നമുക്കെല്ലാവർക്കും ശോഭനമായ ഭാവിയിലേക്കുള്ള കവാടമാണെന്നും അദ്ദേഹം പറഞ്ഞു.




കർമ്മയോഗി ഭാരതവും ആത്മനിർഭർ ഭാരതവും സൃഷ്ടിക്കാനുള്ള പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ ദർശനവും പ്രതിബദ്ധതയും സൂചിപ്പിക്കുന്നത് യുവാക്കളുടെ കഴിവുകൾക്ക് ഗവൺമെന്റിൽ നിന്നും സംഘടനകൾ , വ്യവസായങ്ങൾ , ബിസിനസ്സുകൾ എന്നിവയിൽ നിന്നും അർഹമായ അംഗീകാരം ലഭിക്കേണ്ടതുണ്ടെന്ന് എന്നാണെന്ന് ശ്രീ രാംദാസ് അഠാവ്‌ലെ ഉറപ്പിച്ചു പറഞ്ഞു.

രാജ്യത്തെ സേവിക്കുന്നതിനും സ്വയം ശാക്തീകരിക്കുന്നതിനും നമ്മുടെ രാജ്യത്തിന്റെ പുരോഗതിയിൽ നിർണായക പങ്ക് വഹിക്കുന്നതിനുമുള്ള അപാരമായ കഴിവുകൾ പ്രകടിപ്പിക്കാൻ യുവാക്കൾക്ക് ധാരാളം അവസരങ്ങൾ നൽകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി വിഭാവനം ചെയ്തതുപോലെ, തൊഴിൽ വിപണിയിലെ നൈപുണ്യത്തിന്റെ ആവശ്യവും വിതരണവും തമ്മിലുള്ള വിടവ് നികത്താൻ നാം ശ്രമിക്കണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. വ്യവസായങ്ങൾ വികസിക്കുകയും പുതിയ സാങ്കേതികവിദ്യകൾ ഉയർന്നുവരുകയും ചെയ്യുമ്പോൾ, തുടർച്ചയായ പഠനത്തിലൂടെയും നൈപുണ്യ സംരംഭങ്ങളിലൂടെയും ആവശ്യമായ വൈദഗ്ധ്യവും അറിവും ഉപയോഗിച്ച് നമ്മുടെ തൊഴിലാളികളെ സജ്ജരാക്കണമെന്ന് ശ്രീ രാംദാസ് അഠാവ്‌ലെ ഊന്നിപ്പറഞ്ഞു.

രാജ്യത്തുടനീളം 44 സ്ഥലങ്ങളിൽ ഇന്ന് റോസഗാർ മേള നടന്നു. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി വീഡിയോ കോൺഫറൻസിംഗിലൂടെ 70,000ത്തിലധികം പുതിയ റിക്രൂട്ട്മെന്റുകൾക്ക് നിയമന കത്തുകൾ വിതരണം ചെയ്യുകയും ഈ അവസരത്തിൽ അവരെ അഭിസംബോധന ചെയ്യുകയും ചെയ്തു.

കൊച്ചിയിൽ നടന്ന റോസ്ഗാർ മേളയിൽ പങ്കെടുത്തവർ പരിപാടിയുടെ തത്സമയ വെബ്കാസ്റ്റിനു സാക്ഷ്യം വഹിച്ചു. പരിപാടിയിൽ പുതുതായി നിയമിതരായ 119 പേർക്ക് നിയമന കത്തുകൾ കൈമാറി. ശ്രീ രാംദാസ് അഠാവ്‌ലെ 25 ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് നിയമന കത്തുകൾ വിതരണം ചെയ്തു. വിവിധ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ അതത് വകുപ്പുകളിൽ പുതുതായി നിയമനം ലഭിച്ചവർക്കുള്ള നിയമന കത്ത് കൈമാറി.

തപാൽ വകുപ്പ്, ഡിഫൻസ് എസ്റ്റേറ്റ് ഓർഗനൈസേഷൻ, ഇന്ത്യൻ നേവി, ഡിഫൻസ് അക്കൗണ്ട്സ് (നാവികസേന), കേരള ഗ്രാമിൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ, റെയിൽവേ, കസ്റ്റംസ്, സിജിഎസ്ടി എന്നീ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിലേക്കാണ് ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയിരിക്കുന്നത്.

കേരളത്തിൽ തിരുവനന്തപുരത്തും റോസ്ഗർ മേള നടന്നു. കേന്ദ്ര സഹകരണ, വടക്കു കിഴക്കൻ കാര്യ സഹമന്ത്രി ശ്രീ ബി എൽ വർമ ഉദ്ഘാടനം ചെയ്തു. പുതുതായി നിയമിതരായ 138 പേർക്ക് നിയമന കത്തുകൾ കൈമാറി.



വിജി തമ്പി, വി.ആർ രാജശേഖരൻ

## വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന ഭാരവാഹികൾ

**പാലക്കാട്:** പാലക്കാട് നടന്ന വിഎച്ച്പി സംസ്ഥാന സമ്മേളനത്തിൽ പുതിയ ഭാരവാഹികളായി വിജി തമ്പി( പ്രസിഡന്റ് ) അഡ്വ. അനിൽ വിളയിൽ എ.ഗോപീകൃഷ്ണൻ പ്രസന്നാ ബാഹുലേയൻ അഡ്വ. രശ്മി വർമ്മ (വൈസ് പ്രസിഡന്റുമാർ)വി.ആർ രാജശേഖരൻ( ജനറൽ സെക്രട്ടറി.കെ.ഗിരീഷ് കുമാർ (സംഘടനാ സെക്രട്ടറി).അബിനു സുരേഷ് എം.കെ. ദിവാകരൻ കെ.ആർ. ദിവാകരൻ( ജോയിന്റ് സെക്രട്ടറിമാർ).പി. ശ്രീനിവാസ പ്രഭു (ട്രഷറർ)ശ്രീകുമാർ(ജോയിന്റ് ട്രഷറർ)എന്നിവരെ തെരഞ്ഞെടുത്തു.

## എംബിറ്റ്സ് എൻജിനീയറിങ് കോളേജിലെ സ്റ്റാർട്ട് അപ്പിന് കെഎസ്ഇ റെഗുലേറ്ററി കമ്മീഷന്റെ അനുമോദനം

**കോതമംഗലം:** എംബിറ്റ്സ് എൻജിനീയറിങ് കോളേജിലെ 2020 ബാച്ച് വിദ്യാർഥികളുടെ സ്റ്റാർട്ട് അപ്പ് സംരംഭത്തിന് കേരള സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മിഷന്റെ അനുമോദനം. എഞ്ചിനീയറിംഗ് കോളേജുകളിൽ രൂപംകൊണ്ട ഊർജ മേഖലയിലെ ഏറ്റവും വിജയകരമായ സ്റ്റാർട്ടപ്പിനുള്ള പ്രത്യേക അംഗീകാരമാണ് കോതമംഗലം നെല്ലിക്കുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന റെൻവോൾട്ട് എനർജി സോലൂഷൻസ് എന്ന സംരംഭത്തിന് ലഭിച്ചത്. വൈദ്യുതി ബോർഡ് വിതരണം വിഭാഗം ഡയറക്ടർ പി. സുരേന്ദ്രനിൽ നിന്നും മെമന്റോ ഏറ്റുവാങ്ങി. വൈദ്യുത റഗുലേറ്ററി കമ്മിഷൻ ടി.കെ ജോസ്, കോളജ് പ്രിൻസിപ്പൽ ഡോ.പി. സോജൻ ലാൽ, എറണാകുളം ജില്ലയിലെ വിവിധ എൻജിനീയറിങ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗം മേധാവിമാർ എന്നിവർ സന്നിഹിതനായിരുന്നു.

സോളാർ എനർജി സിസ്റ്റം, വൈദ്യുത വാഹനങ്ങളുടെ ചർജിങ് സ്റ്റേഷൻ എന്നിവ സജ്ജരാക്കുന്ന റെൻവോൾട്ട് എനർജി സോലൂഷൻസ് 2020ലാണ് പ്രവർത്തനം ആരംഭിച്ചത്. കോളേജിലെ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് അധ്യാപകൻ അരുൺ എൽദോ ഏലിയാസിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളായ അഫ്സൽ ഇബ്രാഹിം, ബേസിൽ വർഗീസ്, സി.കെ ബെനിൽ, ജിബിൻ എന്നിവരാണ് സംരംഭത്തിന് പിന്നിൽ.

## ഡിഗ്രി പ്രവേശനം

**കൊട്ടാരക്കര:** കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ്സ് ഡവലപ്പ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) കീഴിൽ കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കൊട്ടാരക്കരയിൽ ആരംഭിച്ച പുതിയ അപ്ലൈഡ് സയൻസ് കോളേജിലേക്ക് 202324 അദ്ധ്യയന വർഷത്തിൽ ഡിഗ്രി കോഴ്സുകളിൽ കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചു. www.ihrdadmissions.org വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കണം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 750 രൂപ (എസ്.സി,എസ്.റ്റി 250 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കണം. വിശദവിവരങ്ങൾക്ക് ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ www.ihrd.ac.in മുഖാന്തിരം ലഭ്യമാണ്.

# ദക്ഷിണേന്ത്യയിലെ ആദ്യ ഭൂഗർഭ ശ്മശാനം ഉദ്ഘാടനത്തിനൊരുങ്ങി

**കോഴിക്കോട്:** പൊതു ശ്മശാനങ്ങളെക്കുറിച്ചുള്ള പതിവ് സങ്കല്പങ്ങളെ മാറ്റിമറിക്കുന്ന പ്രശാന്തി ഗാർഡൻ ശ്മശാനം ഉദ്ഘാടനത്തിന് ഒരുങ്ങി. ദക്ഷിണേന്ത്യയിലെ തന്നെ ആദ്യ ഭൂഗർഭ ഗ്യാസ് ക്രിമറ്റോറിയമാണിത്. ഉള്ളിയേരി പഞ്ചായത്തിലെ പാലോറ കാരക്കാട്ട് കുന്നിൽ 2.6 ഏക്കർ സ്ഥലത്താണ് പ്രശാന്തി ഗാർഡൻ നിർമ്മിച്ചത്. മറ്റ് ശ്മശാനങ്ങളിൽ നിന്ന് വ്യത്യസ്തമായ രീതിയിലാണ് പ്രശാന്തി ഗാർഡൻ മോഡൽ ശ്മശാനം ഒരുങ്ങിയത്.



മുൻ എം.എൽ.എ പുരുഷൻ കടലുണ്ടിയുടെ ആസ്തിവികസന ഫണ്ടിൽനിന്ന് 4.25 കോടി രൂപയും കെ എം സച്ചിൻ ദേവ് എം എൽ എയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 20 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന്റെ 27 ലക്ഷത്തിലേറെ രൂപയും ചെലവഴിച്ചാണ് ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്.

സ്മൃതിവനങ്ങൾ, പൊതു ദർശനത്തിന് വെക്കാനുള്ള സൗകര്യം, ഉദ്യാനങ്ങൾ, കാരക്കാട്ട്ക്കുന്ന് മലയിൽ നിന്നുള്ള പ്രകൃതി മനോഹര കാഴ്ചകൾ എന്നിവയാണ് ശ്മശാനത്തെ വ്യത്യസ്തമാക്കുന്നത്. കാരക്കാട്ട്കുന്ന് മലയിലെ മരങ്ങളും ഭൂപ്രകൃതിയും അതേപടി നിലനിർത്തിയാണ് നിർമ്മാണം നടത്തിയത്. മല തുരന്ന് ഉണ്ടാക്കിയ പ്രകൃതി സൗഹൃദ മാതൃകാ ശ്മശാനം കാഴ്ചയിലും വ്യത്യസ്തമാണ്.

ഉദ്യാനം, ഇടവഴികൾ, വായനമുറികൾ, വിശ്രമ ഇരിപ്പിടങ്ങൾ തുടങ്ങി എല്ലാ സൗകര്യങ്ങളും ഇവിടെ ഉണ്ടാവും. പ്രകൃതിയുടെ തനത് ഘടന മാറ്റാതെ ഭൂമിക്കടിയിലായാണ് ഇത് നിർമ്മിച്ചത്. ബാലുശ്ശേരി മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും ശ്മശാനം ഉപയോഗിക്കാൻ കഴിയും.

ഒരേസമയം രണ്ടു മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്. മൊബൈൽ മോർച്ചറി, ആംബുലൻസ്, മരണാനന്തര ചടങ്ങുകൾ നടത്താനുള്ള വിവിധ സൗകര്യങ്ങൾ എന്നിവയുമുണ്ട്. കുളിക്കുന്നതിനും കർമങ്ങൾ ചെയ്യുന്നതിനും ഭസ്മം ശേഖരിക്കുന്നതിനും നിമജ്ജനത്തിന് വിവിധ സ്ഥലങ്ങളിലേക്ക് യാത്ര നടത്തുന്നതിനും പ്രത്യേക സൗകര്യമുണ്ടായിരിക്കും.

ട്രോളിയിലൂടെ ചൂളയിൽ വയ്ക്കുന്ന മൃതദേഹം സംസ്കരിക്കുമ്പോൾ ഉണ്ടാകുന്ന പുക ശുദ്ധീകരിച്ചാണ് മലയ്ക്കു മുകളിലെ 30 മീറ്റർ ഉയരമുള്ള കുഴലിലൂടെ പുറത്തു വിടുക. അതിനാൽ തന്നെ ദുർഗന്ധം ഉണ്ടാവുകയുമില്ല. 15 മുതൽ 18 കിലോഗ്രാം പാചകവാതകമാണ് ഒരു മൃതദേഹം സംസ്കരിക്കാൻ ആവശ്യം വരിക.

ശ്മശാനത്തിന്റെ ഉദ്ഘാടനം ജൂലൈ 25ന് 12 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം പി രാജേഷ് ഉദ്ഘാടനം ചെയ്യും. ആർക്കിടെക്ട് വിനോദ് സിറിയക്കാണ് ശ്മശാനത്തിന്റെ രൂപകല്പന ചെയ്തത്.

യു എൽ സി സി എസാണ് നിർമാണച്ചുമതല നിർവഹിച്ചത്.



# ഫെസ്റ്റിവൽ കളക്ഷനുമായി പട്ടിന്റെ നെയ്ത്തുകാർ; പ്രദർശനം കൊല്ലത്ത്

കൊല്ലം: ഇന്ത്യയൊട്ടുക്കുമുള്ള സിൽക്കുൽപ്പാദകരെയും, പട്ടുസാരി നെയ്ത്തുകാരെയും, സഹകരണ സ്ഥാപനങ്ങളെയും അണിനിരത്തിക്കൊണ്ട് അഭിവൃദ്ധി സംഘടിപ്പിക്കുന്ന സിൽക്ക് ഫെസ്റ്റിവൽ സിൽക്ക് ഇന്ത്യ 2023 ഓണത്തിന് നേരത്തെ തന്നെ വരവേൽപ്പൊരുക്കി. ഓണം സീസണിലെ എക്സിബിഷൻ കൊല്ലം കന്റോൺമെന്റ് സൗത്തിൽ സീ പാലസ് ഹോട്ടലിന് എതിർവശം നാടാർ സംഗം ഹോളിൽ ആരംഭിച്ചു. പരിശുദ്ധമായ സിൽക്ക് ഉൽപ്പന്നങ്ങളുമായി വിവിധ സംസ്ഥാനങ്ങളെയൂം സിൽക്കുൽപ്പാദകരെയും പ്രതിനിധീകരിച്ച് അൻപതിൽപരം സ്റ്റാളുകളാണ് മേളയിൽ പങ്കെടുക്കുന്നത്.

കാലാവസ്ഥാപരവും, ഭൂമിശാസ്ത്രപരവുമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന പട്ടുകളിൽ പ്രമുഖമായവ ടസ്സർ, എറി, മൾബറി, മുഗാ എന്നിവയാണ്. ബീഹാർ, ആസ്സാം, ഛത്തീസ്ഗഡ് എന്നീ മൂന്ന് സംസ്ഥാനങ്ങളിലാണ് ടസ്സർ, മുഗാ എന്നിവ ഉൽപ്പാദിപ്പിക്കുന്നതെന്ന് അഭിവൃദ്ധി ആർട്ടിസൻസ് ആന്റ് വീവേഴ്സ് വെൽഫെയർ അസോസ്സിയേഷന്റെ മാനേജിങ്ങ് ഡയറക്ടർ ടി. അഭിനന്ദ് പറഞ്ഞു.

മേളയിലെ എല്ലാ ഉൽപ്പന്നങ്ങളും ഉൽപ്പാദകർ തന്നെ നേരിട്ട് വിൽപ്പനക്കെത്തിക്കുന്നവ ആയതിനാൽ ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ലഭ്യമാണെന്ന് അഭിനന്ദ് പറഞ്ഞു.

അരണി സിൽക്ക് സാരീസ്, ജോർജെറ്റ് സിൽക്ക് സാരീസ്, പൈത്തനി സാരീസ്, , സാമ്പൽപുരി, ഇക്കട്ട് , റോ സിൽക്ക് സാരീസ്, കൊസ സിൽക്ക്, ജൂട്ട് സിൽക്ക് സാരീസ്, ധാക്കാ സിൽക്ക് സാരീസ്, സിൽക്ക് ബ്ലെന്റ്സ് ഫാബ്രിക്ക്സ്, ഡിസൈനർ വെയർ ആന്റ് ബോർഡർ, ലേയ്സ്, ബാഗൽപുർ സ്യൂട്ട്സ്ൺ, ഹിമാൽ സിൽക്ക് സാരികൾ, ക്രേപ്പ് സിൽക്ക് സാരികൾ, ഷിഫോൺ സിൽക്ക് സാരികൾ, ടസ്സർ സിൽക്ക് സാരികൾ, കാഞ്ചി സിൽക്ക്, ധർമ്മാവരം സിൽക്ക് സാരികൾ, ഹാൻഡ്‌ലൂം സിൽക്ക് കോട്ടൺ സാരികൾ, സിൽക്ക് ബ്ലെൻഡ് സാരികൾ, ഉപ്പഡ, ഗാഡ്വാൽ സിൽക്ക് സാരികൾ, ഹാൻഡ് ബ്ലോക്ക് പ്രിന്റ് സാരികൾ, കൈ കൊണ്ട് നെയ്ത മട്ക, ആസ്സാം, മുഗാ തുണിത്തരങ്ങൾ, അപൂർവ്വ സിൽക്ക് സാരികൾ, ബാലുചുരി സാരികൾ, എംബ്രോയ്ഡേഡ് ഡിസൈനർ സിൽക്ക് സാരികൾ, കാശ്മീർ സിൽക്ക്, ബഗൽപൂർ സാരികളും ഡ്രസ്സ് മെറ്റീരിയലുകളും, കർണാടക സിൽക്ക് സാരികൾ, മൈസൂർ സിൽക്ക്, മഹേശ്വരി, കോട്ടാ സിൽക്ക്, ടെംപിൾ ബോർഡർ ഉള്ള മൾബറി സിൽക്ക്, മണിപ്പൂർ സിൽക്ക്, കൊൽക്കട്ടാ സിൽക്ക് സാരികൾ, ബനാറസ്സ് ജാംധാനി, കൈത്തറി സാരികൾ, ചന്ദേരി സിൽക്ക് എിവയെല്ലാം വിവിധ സ്റ്റാളുകളിലായി പ്രദർശനത്തിനുണ്ട്.

കൂടാതെ ഷർട്ടുകൾ, കുർത്ത, ടൈ, സ്റ്റോൾസ്, ദുപ്പട്ട, ഷോൾ, സൽവാർ കമ്മീസ്, പശ്മിന ഷാളുകളും, സ്യൂട്ടുകളും, ഡിസൈനർ ഡ്രസ്സ് മറ്റീരിയലുകൾ എന്നിവയും മേളയിൽ ലഭ്യമാണ്. രാവിലെ 10:30 മുതൽ വൈകിട്ട് 8:30 വരെയാണ് ഫെയർ നടക്കുന്നത്. പ്രവേശനം സൗജന്യം. പത്തു ദിവസം നീണ്ടു നിൽക്കുന്ന മേള ജൂലൈ 21 ന് തുടങ്ങി ജൂലൈ 30 ഞായറാഴ്ച സമാപിക്കും.



# ജനങ്ങൾ ഏറ്റെടുത്ത് അങ്കമാലിയിലെ സുഭിക്ഷ ഹോട്ടൽ

**അങ്കമാലി:** വിലക്കുറവിൽ സ്വാദിഷ്ട ഭക്ഷണം... ജനങ്ങൾ ഏറ്റെടുത്ത് ഹിറ്റായി അങ്കമാലിയിലെ സുഭിക്ഷാ ഹോട്ടൽ. വിശപ്പരഹിത കേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ കഴിഞ്ഞ ഏപ്രിലിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടൽ മാസങ്ങൾ പിന്നിടുമ്പോൾ ജനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു.

20 രൂപയ്ക്ക് ഊണ് ലഭിക്കുന്ന ഹോട്ടൽ സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസമാകുകയാണ്. ഡ്രൈവർമാർ, തൊഴിലാളികൾ, തൊട്ടടുത്ത അങ്കമാലി താലൂക്ക് ആശുപത്രിയിൽ രോഗികൾക്ക് കൂട്ടിരിക്കാൻ എത്തുന്നവർ, വിദ്യാർത്ഥികൾ, അടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാർ അങ്ങനെ നിരവധി പേരാണ് ഇവിടെ ഭക്ഷണം കഴിക്കാനെത്തുന്നത്. 20 രൂപ നിരക്കിലാണ് സാമ്പാർ, അച്ചാർ, തോരൻ എന്നിവ ഉൾപ്പെടെ ഊണ് നൽകുന്നത്. 30 മുതൽ 40 രൂപ നിരക്കിൽ മത്സ്യ മാംസ വിഭവങ്ങളും ലഭിക്കും.

# തീർത്ഥാടന യാത്രകളുമായി കെ എസ് ആർ ടി സി

**കൊല്ലം:** കെ എസ് ആർ ടി സിയുടെ ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ കൊല്ലത്ത് നിന്നും വിവിധ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് യാത്രകൾ ഒരുങ്ങി. കൊല്ലത്ത് നിന്നും ജൂലൈ 28, 30 ഓഗസ്റ്റ് 6, 12, 13 ദിവസങ്ങളിൽ നാലമ്പല ദർശന യാത്രകൾ പുറപ്പെടും. രാമപുരം ശ്രീരാമക്ഷേത്രം, കുടപ്പുലം ലക്ഷ്മണ ക്ഷേത്രം, അമനകര ഭരത ക്ഷേത്രം, മേതിരി ശത്രുഘ്ന ക്ഷേത്രം എന്നിടങ്ങളിലേക്കുള്ള യാത്രക്ക് ഒരാൾക്ക് 620 രൂപയാണ് നിരക്ക്.

ജൂലൈ 28നും ആഗസ്റ്റ് 19നും കുടമാളൂർ നെറ്റിച്ചിറ ഭരണങ്ങാനം പള്ളികൾ ഉൾപ്പെടുത്തി അൽഫോൻസാമ്മ തീർഥാടനം സംഘടിപ്പിക്കും. രാവിലെ 5 മണിക്ക് പുറപ്പെട്ട് വൈകിട്ട് തിരിച്ചെത്തുന്ന രീതിയിലാണ് യാത്ര ക്രമീകരിച്ചിരിക്കുന്നത്. ഒരാൾക്ക് 710 രൂപയാണ് യാത്ര നിരക്ക്.

ജൂലൈ 28, 29, 30 ദിവസങ്ങളിൽ വയനാട്ടിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ച് 31ന് പുലർച്ചെ മടങ്ങിയെത്തുന്ന വയനാട് യാത്രയ്ക്ക് പ്രവേശന ടിക്കറ്റ്, താമസസൗകര്യം, ജംഗിൾ സഫാരി എന്നിവ ഉൾപ്പെടെ 4100 രൂപയാണ് ചാർജ് . 29ന് മൂന്നാർ യാത്രയും 30ന് അമ്പനാട് പാലരുവി യാത്ര നടക്കും. രണ്ട് ദിവസത്തെ മൂന്നാർ യാത്രയ്ക്ക് താമസ സൗകര്യം ഉൾപ്പെടെ 1450 രൂപയും പുതുതായി ആരംഭിച്ചിട്ടുള്ള അമ്പനാട് ഹിൽസ് പാലരുവി ട്രിപ്പിന് പ്രവേശനം ഉൾപ്പെടെ 770 രൂപയാണ് നിരക്ക്. ഫോൺ: 9747969768, 9496110124

# ബാക്ലോഫിൻ പമ്പ് ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ വിജയിം ; ജീവിതത്തിലേക്ക് വീണ്ടും പിച്ചവെക്കാനൊരുങ്ങി 69കാരൻ

**കൊച്ചി:** വീൽചെയറിൽ ജീവിതം അവസാനിക്കുമെന്ന് കരുതിയ വയോധികന് പ്രതീക്ഷയുടെ വെളിച്ചവുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. ബാക്ലോഫിൻ പമ്പ് ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയിലൂടെ 69കാരനെ ജീവിതത്തിലേക്ക് വീണ്ടും പിച്ചവെപ്പിക്കുകയായിരുന്നു മെഡ്സിറ്റിയിലെ ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ (പി.എം.ആർ) വിഭാഗം. സംസ്ഥാനത്ത് ആദ്യമായിട്ടാണ് പി.എം.ആർ വിഭാത്തിന്റെ നേതൃത്വത്തിൽ ഇത്തരമൊരു ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കുന്നതെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.കോട്ടയം സ്വദേശിയായ വയോധികന് 10 വർഷം മുൻപായിരുന്നു പ്രോഗ്രസീവ് സ്പാസ്റ്റിക് ക്വാഡ്രിപാരസിസ് എന്ന രോഗം ബാധിച്ചത്. ആദ്യമെല്ലാം കോച്ചിപ്പിടുത്തവും പേശീ സങ്കോചവും മൂലം കൈകാലുകൾ അനക്കാൻ കഴിയാത്ത സ്ഥിതിയായിരുന്നു.

മൾട്ടിപ്പിൾ സ്ക്ലിറോസിസ്, സെറിബ്രൽ പാഴ്സി, സുഷ്മന നാഡിക്കുണ്ടാക്കുന്ന പരിക്കുകൾ തുടങ്ങിയ രോഗങ്ങൾക്ക് സമാനമായിരുന്നു അവസ്ഥ. 2014 ആയപ്പോഴേക്കും ഇദ്ദേഹത്തിന്റെ സ്ഥിതി വഷളാകുകയും വാക്കറിന്റെ സഹായമില്ലാതെ നടക്കാൻ പോലും കഴിയാത്ത സ്ഥിതിയിലേക്ക് എത്തി. അധികം വൈകാതെ പൂർണമായും വീൽചെയറിനെ ആശ്രയിക്കേണ്ട സ്ഥിതിയിലായി ഇദ്ദേഹം. മരുന്നുകളുടെ അമിതമായ ഉപയോഗം നേരത്തെ മുതൽ ഉണ്ടായിരുന്ന കോച്ചിപ്പിടുത്തം രൂക്ഷമാക്കുകയും ചെയ്തു.തുടർന്നാണ് ആസ്റ്റർ മെഡ്സിറ്റിയിലെ ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ വിഭാഗത്തിൽ ചികിത്സ തേടിയത്.



വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനകളിൽ ബാക്ലോഫിൻ മരുന്ന് ഉപയോഗിച്ചുള്ള ചികിത്സയിലൂടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് കണ്ടെത്തി.പേശികളുടെ കോച്ചിപ്പിടുത്തം ചികിത്സിക്കുന്നതിന് ഉപയോഗിക്കുന്ന മരുന്നാണ് ബാക്ലോഫിൻ.

വായിലൂടെ കഴിക്കുന്നതിന് പകരമായി ശസ്ത്രക്രിയ വഴി ശരീരത്തിൽ സ്ഥാപിക്കുന്ന ബാക്ലോഫിൻ പമ്പ് വഴി കുറഞ്ഞ അളവിൽ തുടർച്ചയായി മരുന്ന് നൽകുകയാണ് ചെയ്യുന്നത്. ജൂലൈ അഞ്ചിന് പി.എം.ആർ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. കെ.എം മാത്യുവിന്റെ നേതൃത്വത്തിൽ നടത്തിയ ശസ്ത്രക്രിയയിൽ കൺസൾട്ടൻറ് ഡോ. സക്കറിയ ടി സക്കറിയ, സീനിയർ സ്പെഷ്യലിസ്റ്റ് ഡോ. ശ്രീജ കെ.എസ് എന്നിവർ പങ്കാളികളായി. പി.എം.ആർ വിഭാഗത്തിൽ നിന്ന് കേരളത്തിലെ ആദ്യ ബാക്ലോഫെൻ പമ്പ് ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും ഇത് സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലയിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കുമെന്ന് വിശ്വസിക്കുന്നതായും ഡോ. കെ.എം മാത്യു പറഞ്ഞു.പാർശ്വഫലങ്ങൾ കുറവാണ് എന്നതും ചികിത്സയുടെ മേന്മയാണെന്നും അദ്ദേഹം വ്യക്തമാക്കി.ശസ്ത്രക്രിയക്ക് ശേഷമുള്ള ഫിസിയോ തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി തുടങ്ങിയവ കൂടി പൂർത്തിയായാൽ വർഷങ്ങൾക്ക് ശേഷം വീൽ ചെയറിനെയോ വാക്കറിനെ ആശ്രയിക്കാതെ ഒരിക്കൽ കൂടി നടക്കാനുള്ള തയ്യാറെടുപ്പിലാണ് 69കാരനായ കോട്ടയം സ്വദേശി.

# വസ്ത്രങ്ങൾ പുതുമയോടെ നിലനിർത്തൽ; നുറുങ്ങുകൾ പങ്കുവെച്ച് ഗോദ്റെജ് ഹെഡ്

**കൊച്ചി:** വസ്ത്രങ്ങൾ പുതുമയുള്ളതായി നിലനിർത്തുന്നതിനുള്ള നുറുങ്ങുകൾ പങ്കുവച്ച് ഗോദ്റെജ് അപ്ലയൻസിന്റെ വാഷിങ് മെഷീൻസ് പ്രൊഡക്റ്റ് ഗ്രൂപ്പ് ഹെഡ് ശശാങ്ക് സിൻഹ. വസ്ത്രങ്ങളുടെ നിറം, തുണിയുടെ തരം, അഴുക്കിന്റെ അളവ് എന്നിവയെ അടിസ്ഥാനമാക്കി അലക്കാനുള്ള വസ്ത്രങ്ങൾ വേർതിരിക്കുക. ഇരുണ്ട നിറങ്ങളിലുമുള്ള വസ്ത്രങ്ങൾ വേർതിരിച്ച് മെഷീനിൽ അലക്കുന്നത് നിറം ഇളകുന്നത് മൂലമുള്ള കേടുപാടുകൾ നിയന്ത്രിക്കാനും സഹായിക്കുമെന്ന് ശശാങ്ക് സിൻഹ പറഞ്ഞു.



കഴുകാനുള്ള വസ്ത്രങ്ങൾ വാഷിങ് മെഷീനിൽ ഇടുന്നതിനുമുമ്പ്, വസ്ത്രങ്ങളുടെ അകംഭാഗം പുറത്തേക്ക് തിരിക്കണം. വസ്ത്രങ്ങൾ കഴുകുന്നതിന് മുമ്പ് കുറച്ച് നേരം വെള്ളത്തിൽ മുക്കിവയ്ക്കുന്നതും നല്ല ശീലമാണ്. അഴുക്കും കറയും പെട്ടെന്ന് ഇളകാൻ ഇത് സഹായിക്കും.ഡിറ്റർജന്റ് ശരിയായ അളവിൽ ഉപയോഗിക്കലാണ് മറ്റൊരു മാർഗം. മെഷീൻ ഡ്രമ്മും ലിന്റ് കളക്ടറും പതിവായി വൃത്തിയാക്കുന്നതും നല്ലതാണ്. ആഴ്ചയിൽ ഒരിക്കലെങ്കിലും ഇത് തുറന്ന് വൃത്തിയാക്കണം.

മെഷീൻ ഓവർലോഡ് ചെയ്യുന്നത് ഒഴിവാക്കണം. നിശ്ചിത അളവിൽ കൂടുതൽ വസ്ത്രങ്ങൾ ഒരേസമയം അലക്കാനിട്ടാൽ അത് ശരിയായ വൃത്തിയാക്കലിന് തടസമാവും. നിങ്ങളുടെ ലോഡും തുണിയും അനുസരിച്ച് ഉചിതമായ വാഷ് മോഡ് തിരഞ്ഞെടുക്കണം. കറ നീക്കം ചെയ്യുന്നതിനൊപ്പം, വസ്ത്രങ്ങൾ അണുവിമുക്തമാക്കലും പ്രധാന ഘടകമാണ്. അതിനാൽ നിങ്ങളുടെ വസ്ത്രങ്ങൾ ആഴത്തിൽ വൃത്തിയാക്കുന്ന, പുതിയത് പോലെ മനോഹരമാക്കുന്ന ഫീച്ചറുകളുള്ള വാഷിങ് മെഷീനുകൾ തന്നെ തിരഞ്ഞെടുക്കാനും ശ്രദ്ധിക്കണമെന്നും ശശാങ്ക് സിൻഹ പറഞ്ഞു.

# ഇൻസൈഡ് ബിയാസെ ഇന്ത്യ ഇവന്റ് ജൂലൈ 27 മുതൽ ബംഗളൂരുവിൽ

**കൊച്ചി:** ഈ വർഷത്തെ ഇൻസൈഡ് ബിയാസെ ഇന്ത്യ ഇവന്റിന് ജൂലൈ 27ന് ബെംഗളൂരുവിൽ തുടക്കമാകും. ബെംഗളൂരു ബിയാസെ ഷോറൂമിൽ നടക്കുന്ന ഇവന്റിൽ മരം, ഗ്ലാസ്, അസംസ്കൃത വസ്തുക്കൾ തുടങ്ങിയവയുടെ വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്ന വിവിധ യന്ത്രങ്ങളുടെ പ്രദർശനം സംഘടിപ്പിക്കും. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിപാടി ജൂലൈ 29ന് സമാപിക്കും.

സി. എൻ. സി യന്ത്രങ്ങളുടെയും സോഫ്റ്റ് വെയറുകളുടെയും ലോക പ്രശസ്ത നിർമാതാക്കളായ ബിയാസെയുടെ 13 അത്യാധുനിക കട്ടിംഗ് യന്ത്രങ്ങളുടെ പ്രദർശനമാണ് ഇവന്റിലെ പ്രധാന ആകർഷണം. പ്രമുഖ ബ്രാന്റുകളായ ബിയാസെ വുഡ്, ബിയാസെ ഗ്ലാസ്, ബിയാസെ മെറ്റീരിയ എന്നിവക്കായി തയ്യാറാക്കിയ സോഫ്റ്റ് വെയറുകളും പ്രദർശനത്തിലുണ്ടാകും. അത്യാധുനികമായ ത്രീ ആക്സിസ് കട്ടിംഗ് മെഷീനായ ജീനിയസ് സി.ടി നെക്സ്റ്റ് ഇന്ത്യയിൽ ആദ്യമായി അവതരിപ്പിക്കുന്നതും ഇൻസൈഡ് ബിയാസെയിലായിരിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.മരം, ഗ്ലാസ്, അസംസ്കൃത വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ വ്യവസായങ്ങളുമായി ബന്ധപ്പെട്ട ബിസിനസുകാരെ ലക്ഷ്യമിട്ടാണ് ഇവന്റ് സംഘടിപ്പിക്കുന്നത്. ബിയാസെയുടെ അത്യാധുനിക യന്ത്രങ്ങളുടെ പ്രവർത്തനം നേരിട്ട് കാണാനുള്ള അവസരം ഒരുക്കും.

ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾക്കും ഉപയോഗിക്കാവുന്ന തരത്തിലുള്ളവയാണ് ഇവ നിർമിച്ചിട്ടുള്ളത്.മേഖലയിലെ നൂതന സാങ്കേതിക വിദ്യകളെ കുറിച്ച് വിദഗ്ധരായ ആർക്കിടെക്ടുകളുടെയും യും ഡിസൈനർമാരുടെയും ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇറ്റലി കേന്ദ്രമായ ആറ്റ്ലിയർ ലാംപുഗ്നാലെ മൊറാന്റോ പ്രതിനിധി ഗിസെപ്പ് മൊറാന്റോ, ഗോപാൽ ദ്വിവേദി, ഫർണിച്ചർ & ഫിറ്റിംഗ് സ്കിൽ കൗൺസിൽ ഭാരവാഹി രാഹുൽ മേത്ത, പെൻസാരെ പ്രതിനിധി എൻ. കെ രാഘവേന്ദ്ര തുടങ്ങിയവർ അനുഭവങ്ങൾ പങ്കുവെക്കും. വ്യവസായികൾ നേരിടുന്ന വെല്ലുവിളികളും അവയെ അതിജീവിക്കാനുള്ള വഴികളും ഇവന്റിൽ ചർച്ച ചെയ്യും.മരം, ഗ്ലാസ്, അസംസ്കൃത വസ്തുക്കൾ എന്നിവയുടെ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് വേണ്ടി നടത്തുന്ന ഇവന്റ് ഈ മേഖലയിൽ വലിയ നാഴികക്കല്ലാകുമെന്ന് ബിയാസെ ഇന്ത്യ സി.ഇ.ഒ സയീദ് അഹമ്മദ് പറഞ്ഞു.




# യഥാർത്ഥ് ഹോസ്പിറ്റൽ ആൻഡ് ട്രോമ കെയർ സർവീസസ് ലിമിറ്റഡ് ഐപിഒ ജൂലൈ 26 മുതൽ

**കൊച്ചി:** യഥാർത്ഥ് ഹോസ്പിറ്റൽ ആൻഡ് ട്രോമ കെയർ സർവീസസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപ്പന (ഐപിഒ) 2023 ജൂലൈ 26 മുതൽ 28 വരെ നടക്കും. 490 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 6551,690 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

10 രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 285 രൂപ മുതൽ 300 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 50 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 50ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ ബിഎസ്ഇയിലും എൻഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ഇന്റൻസീവ് ഫിസ്കൽ സർവീസസ് ലിമിറ്റഡ്, അംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ്, ഐ ഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് മാനേജർമാർ.

# കുസാറ്റിൽ സ്പോട്ട് അഡ്മിഷൻ തുടരുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഡിഡിയു കൗശൽ കേന്ദ്രയിൽ ബി.വോക്ക് ഇൻ ബിസിനസ് പ്രോസസ്സ് ആൻഡ് ഡേറ്റ അനലിറ്റിക്സ്, എം.വോക്ക് പ്രോഗ്രാം ഇൻ കൺസൾട്ടൻസി മാനേജ്മെന്റ്, എം. വോക്ക് പ്രോഗ്രാം ഇൻ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഡെവലപ്മെന്റ് എന്നീ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 25 ന് രാവിലെ 9.30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് 2023 റാങ്ക് ലിസ്റ്റിലുള്ളവർക്ക് മുൻഗണന ലഭിക്കും.

ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിൽ എം.ടെക്ക് (ഒപ്റ്റോ ഇലക്ട്രോണിക്സ് ആന്റ് ലേസർ ടെക്നോളജി) കോഴ്സിൽ ജനറൽ ഉൾപ്പടെ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 27 ന് രാവിലെ 10.30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് 2023 വഴി അപേക്ഷിച്ചിട്ടില്ലാത്തവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് 0484 2862411, 2575848 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിൽ എം.ടെക്ക് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ജൂലൈ 26 ന് രാവിലെ നടക്കും. ഇലക്ട്രോണിക്സ് വകുപ്പിൽ എം.ടെക്ക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ് കോഴ്സിൽ ജനറൽ ഉൾപ്പടെയുള്ള ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 24 ന് രാവിലെ 10 മണിയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദ വിവരങ്ങൾക്ക് 0484 2862321 എന്ന നമ്പറിൽ ബന്ധപ്പെടുക.സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.ടെക്ക് ഇൻ ഡാറ്റ സയൻസ് ആന്റ് അനലിറ്റിക്സ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 26 ന് രാവിലെ 10 ന് സ്പോട്ട് അഡ്മിഷൻ നടക്കും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% CUSTOMER SATISFACTION GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663